N E R V E E D H I
Volume -13, Issue -12, 10th December 2024, Monthly, Price ₹ 25, Published at Kottayam
വാല്യം–13, ലക്കം–12, ഡിസംബർ 2024 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## നിഷ്ഫലന്മാരും പ്രത്യാശയിൽ ഓടുന്നവരും

പേജ് 11

# ദൃശ്യമായവ നൈമിഷികം അദൃശ്യമായവ അനശ്വരം

ഈ വർഷത്തിന്റെ അവസാനപാദത്തിലേക്കു നാം കടന്നുവന്നിരിക്കുന്നു. മാനവകുലത്തെ ഭീതിതരാക്കിക്കൊണ്ടു യുദ്ധവും യുദ്ധഭീഷണികളും പോർവിളികളും അരങ്ങു തകർക്കുന്നു. വംശീയ വിദ്വേഷങ്ങളും അനുബന്ധ കലാപങ്ങളും കൊടികുത്തി വാഴുന്നു. വർഷങ്ങൾ കടന്നുപോകുമ്പോൾ അധികമധികം അരാജകത്വ ഭീഷണികൾ പെരുകി വരുന്നു. സമാധാനപൂർണമായ ഒരു സ്വൈര്യജീവിതം മരീചിക എന്നവണ്ണം ബഹുകാതം അകലെയായിരിക്കുന്നു. അനേകർ കൊടുംഭീഷണികളുടെ മുമ്പിൽ എല്ലാമുപേക്ഷിച്ച് പലായനം ചെയ്യുന്നു, യുദ്ധമേഖലയിലും പ്രാന്തപ്രദേശങ്ങളിലും ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട്, ഒരിറ്റു ആശ്വാസം മോഹിച്ച് ഹതാശരായിരിക്കുന്നു പ്രകൃതിദുരന്തത്തിൽ പെട്ടുഴലുന്ന ദുർഭഗരും. ഉത്കണ്ഠയിലേക്കു വലിച്ചിഴയ്ക്കുന്ന മുന്നറിയിപ്പുകൾ! പതിവായി ആശംസിക്കാറുള്ള 'ഹാപ്പി ന്യൂ ഇയർ' എത്രപേർക്ക് പ്രതീക്ഷയോടെ കൈമാറാനാവും? പുതുവർഷം നന്നായിരിക്കും എന്ന് ധൈര്യമായി പറയാനാവുമോ? മെച്ചമായ സാഹചര്യം പ്രതീക്ഷിക്കാനോ ആശംസിക്കാനോ കഴിയാത്ത ദുരവസ്ഥ.

കഴിഞ്ഞ നൂറ്റാണ്ടുകളിൽ ജീവിച്ച് തങ്ങളുടെ ഓട്ടം വിശ്വസ്തതയോടെ ഓടിത്തികച്ചു മൺമറഞ്ഞുപോയ വിശുദ്ധന്മാർ ക്രിസ്തുവിന്റെ രണ്ടാം വരവിൽ മുമ്പേ ഉയിർത്തെഴുന്നേൽക്കും. അന്ന് ഒരുക്കത്തോടെ ജീവിക്കുന്നവർ ശരീരരൂപാന്തരം പ്രാപിച്ച് അവരോടൊപ്പം കർത്താവിനെ എതിരേൽക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടും. വേറൊരു വിധത്തിൽ പറഞ്ഞാൽ മുമ്പേ നിദ്ര പ്രാപിച്ചവരുടെ മരണവും ക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയിൽ എടുക്കപ്പെടുന്നവരുടെ രൂപാന്തരവും അനുഭവത്തിൽ രണ്ടും ഒന്നുതന്നെ. മുമ്പ് മണ്മറഞ്ഞുപോയവർക്കു ഒരു നഷ്ടവും സംഭവിക്കുന്നില്ല. ഇപ്പോൾ ജീവനോടെ കർത്താവിന്റെ വരവിനായി ആവലോടെ ഒരുങ്ങി കാത്തിരിക്കുന്നവർ, ലോകത്തിൽ സംഭവിക്കുന്ന യാതൊരുവിധ കെടുതികളിലും പെട്ട് തകർന്നുപോകാതെ യേശുകർത്താവ് മേഘത്തിൽ പ്രത്യക്ഷപ്പെട്ട് നൊടിയിടയിൽ തങ്ങളെ രൂപാന്തരശരീരികളായി തന്നോടൊപ്പം ചേർത്തുകൊള്ളും എന്ന വലിയ പ്രത്യാശയാണ് അവർക്കു ഭയം കൂടാതെ ധീരതയോടെ ജീവിക്കുവാൻ സഹായകമായിരിക്കുന്നത്. അതായത് കർത്താവിന്റെ മേഘപ്രത്യക്ഷത ബോധ്യമുള്ളവർ ബുദ്ധിയുള്ള കന്യകമാരെപ്പോലെ പാത്രത്തിൽ എണ്ണ കരുതി ഒരുങ്ങി കാത്തിരിക്കും. അല്ലാത്തവർ തത്വത്തിൽ വിശ്വസിക്കുന്നു എന്ന് പറയുകയും ബുദ്ധിയില്ലാത്ത കന്യകമാരെപ്പോലെ ഒരുക്കമില്ലാതെ കാണപ്പെടുകയും ചെയ്യും. ഇതാണ് ഈ ലക്കത്തിലെ സന്ദേശത്തിന്റെ പ്രമേയം. ഗൗരവമായി നാം കാണുകയും ശരീരവീണ്ടെടുപ്പായ അന്ത്യരക്ഷയ്ക്കായി ഒരുങ്ങുകയും ചെയ്യേണ്ടുന്ന മുന്നറിയിപ്പ്. മറ്റെല്ലാ ലേഖനങ്ങളും വായനക്കാർക്കു ആത്മികവർദ്ധനവിനുതകുന്നതാണ്.

ഈ ലക്കം പൂർത്തിയാകുന്നതോടൊപ്പം നേർവീഥി മാസിക 13 വർഷങ്ങൾ പൂർത്തീകരിക്കുവാൻ സഹായിച്ച ദൈവത്തിനു സകല മാനവും മഹത്വവും സ്തുതിയും സ്തോത്രവും കരേറ്റുന്നു. കൂടാതെ, ആത്മപ്രേരിതമായ ലേഖനങ്ങൾ പ്രതിഫലേച്ഛ കൂടാതെ എഴുതി നൽകിയ എല്ലാ എഴുത്തുകാർക്കും, സാമ്പത്തികമായി ഞങ്ങൾക്ക് കൈത്താങ്ങൽ നൽകിയ എല്ലാ സുമനസ്സുകൾക്കും, പ്രാർത്ഥിച്ചു സഹായിച്ചവർക്കും ഹൃദ്യമായ നന്ദി പ്രകാശിപ്പിക്കുന്നു. വരിക്കാരായി ഞങ്ങൾക്ക് പ്രോത്സാഹനം നൽകിയ എല്ലാ സഹോദരങ്ങൾക്കും, പിശകുകൾ ചൂണ്ടിക്കാട്ടി സഹായിച്ചവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ടു ഈ ലക്കം പ്രാർത്ഥനയോടെ സമർപ്പിക്കുന്നു.

പുസ്തകം 13 ലക്കം 12
ഡിസംബർ 2024

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**മടങ്ങിവരുന്ന മശിഹായെ മറക്കാതിരിക്കാം** 4
ജോയ് എം. തോമസ്

**നിങ്ങൾ ആരുടെ സേന?** 7
സാജു മാത്യു

**നിഷ്ഫലന്മാരും പ്രത്യാശയിൽ ഓടുന്നവരും** 9
ചെയ്സ് ജോസഫ്

**അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ദിനവും യേശുവോടൊത്ത്...** 13
ഡേവിഡ് വിൽക്കേഴ്സൺ

**തീരുമാനങ്ങൾ തിരിച്ചറിവോടെ...** 16
ഡോ. സജികുമാർ കെ. പി.

**ദരിദ്രരെങ്കിലും അനുഗ്രഹീതർ** 19
മനു എം. എം

**വനിതാ വീഥി** 22
സുജ വിനു

**വിജ്ഞാന വീഥി** 24

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# മടങ്ങിവരുന്ന മശിഹായെ മറക്കാതിരിക്കാം

എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളും യേശുക്രിസ്തുവിന്റെ മടങ്ങിവരവിൽ വിശ്വസിക്കുന്നവരാണ്. എങ്കിലും ഇത് പരമ്പരാഗതമായ ക്രിസ്തീയ വിശ്വാസം എന്നതിലുപരി ക്രിസ്തുവിന്റെ മടങ്ങിവരവ് വേഗത്തിൽ സംഭവിക്കുവാൻ പോകുന്ന ഒരു യാഥാർത്ഥ്യമായി, വാസ്തവത്തിൽ വിശ്വസിക്കുന്നവർ എത്രപേരുണ്ട്? വാസ്തവമായും വിശ്വസിക്കുന്നവർക്ക് ക്രിസ്തു മടങ്ങിവരും എന്നത് അവരുടെ പ്രത്യാശയുടെ കേന്ദ്രബിന്ദുവാണ്. ക്രിസ്തുവിന്റെ വരവിൽ എടുത്തുകൊള്ളപ്പെടുന്നതിനുള്ള ഒരുക്കം അവരുടെ ജീവിതത്തിൽ ദൃശ്യവും വ്യക്തവും ആയിരിക്കും.

അപ്പോസ്തലനായ പൗലോസിന്റെ ഈ വാക്കുകൾ കുറിക്കൊള്ളുക: 'നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു, അവിടെനിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തി കൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും' (ഫിലിപ്യർ 3: 20,21). ഭൂമിയിൽ ആയിരിക്കുമ്പോൾ തന്നെ സ്വർഗീയ പൗരന്മാരായിത്തീർന്നവരാണ് വാസ്തവമായും യേശുകർത്താവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്നത്. സ്വർഗ്ഗരാജ്യത്തിന്റെ പൗരന്മാരാകുവാൻ കഴിയുന്നത് വീണ്ടുംജനനത്താൽ മാത്രമാണ്. അതുകൊണ്ടാണ് യേശുകർത്താവ് നിക്കോദെമോസിനോട് 'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല' (യോഹന്നാൻ 3: 3) എന്ന് വ്യക്തമായി പറഞ്ഞത്. വീണ്ടുംജനനം എന്നത്: 'അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന അവസ്ഥയിൽ നിന്നും ക്രിസ്തുവിനോട് കൂടെ ഉയർപ്പിക്കപ്പെടുന്ന' അനുഭവം ആണ് (എഫെസ്യർ 2: 1). ക്രിസ്തുവിനോടുകൂടെ ഉയർപ്പിക്കപ്പെട്ടവർ ആ അനുഭവം നന്നായി തിരിച്ചറിയുന്നു. തുടർന്ന് ഈ ഭൂമിയിലുള്ള അവരുടെ ജീവിതം ഉയരത്തിലുള്ളത് ചിന്തിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നതിൽ കേന്ദ്രീകൃതമാണ് (കൊലോസ്യർ 3:1, 2). കർത്താവിന്റെ മടങ്ങിവരവിൽ അവർ പൂർണ്ണ പ്രത്യാശ അർപ്പിച്ചിരിക്കുന്നു. അവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ!

വലിയ ഹൃദയവേദനയോടെ മറ്റൊരു കൂട്ടരെക്കുറിച്ച് പൗലോസ് പറയു

ന്നു: 'ഞാൻ പലപ്പോഴും നിങ്ങളോട് പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞുകൊണ്ട് പറയുന്നു. അവരുടെ അവസാനം നാശം, അവരുടെ ദൈവം വയറ്, ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു, അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു' (ഫിലിപ്യർ 3: 18,19). നശിച്ചു പോകുന്നതും ഭൗമികവുമായ കാര്യങ്ങൾ മാത്രമാണ് അവരുടെ ചിന്ത. അവർ ദൃഷ്ടി പതിപ്പിച്ചിരിക്കുന്നത് ഭൂമിയിലെ നേട്ടങ്ങളിലാണ്. അവർ ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുകയും ക്രിസ്തുവിനെ പ്രസംഗിക്കുകയും ചെയ്യുന്നു. എങ്കിലും ക്രിസ്തുവിനോട് കൂടെ ഉയർപ്പിക്കപ്പെട്ട അനുഭവം അവർക്കില്ല. അവർ ക്രിസ്തുവിൽ നിന്ന് പിന്മാറി പോയിരിക്കുന്നു. ആയതിനാൽ തത്വത്തിൽ അവർ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി തീർന്നിരിക്കുന്നു. പൗലോസ് അങ്ങനെയുള്ളവരെ ഓർത്ത് കരയുന്നു, കാരണം അവരുടെ അവസാനം നാശമാണ്. ഭൂമിയിലുള്ള ജീവിതത്തെക്കുറിച്ച് മാത്രം ചിന്തിക്കുന്ന അവരുടെ ദൈവം വാസ്തവത്തിൽ അവരുടെ വയറാണ്. അതായത് നശ്വരമായ ഭൗതിക നേട്ടങ്ങൾക്കായി മാത്രം ജീവിക്കുന്നവർ. ക്രിസ്തീയ ഗോളത്തിലേക്ക് നോക്കിയാൽ ഈ കൂട്ടരല്ലേ ഭൂരിപക്ഷവും? എത്ര അപകടകരമായ അവസ്ഥ എന്ന് ചിന്തിക്കുക.

യേശുക്രിസ്തു മനുഷ്യജന്മം എടുത്ത കാലഘട്ടത്തിലേക്ക് തിരിഞ്ഞു നോക്കിയാൽ മശിഹായുടെ വാഗ്ദത്തങ്ങൾ ലഭിച്ച യഹൂദ ജനത്തിൽ 'വിരലിലെണ്ണാൻ കഴിയുന്നത്ര' വളരെ കുറച്ചുപേർ മാത്രമായിരുന്നു മശിഹായ്ക്ക് വേണ്ടി കാത്തിരുന്നത്. യേശുവിന്റെ ജനനത്തെക്കുറിച്ച് മനസ്സിലായത് അവർക്കു മാത്രമാണ്. യഹൂദന്മാരുടെ രാജാവിനെ തേടി വന്ന വിദ്വാന്മാരും, മശിഹായുടെ ജനനത്തെ കുറിച്ച് അരുളപ്പാട് ലഭിച്ച ഏതാനും ഇടയന്മാരും ഒഴികെ മറ്റാർക്കുംതന്നെ മശിഹായുടെ ജനനം അറിയുവാൻ കഴിഞ്ഞില്ല. 'യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ' എന്ന അന്വേഷണവുമായി ഹെരോദാരാജാവിന്റെ കൊട്ടാരത്തിൽ വന്നുചേർന്ന വിദ്വാന്മാരുടെ ചോദ്യത്തിന്റെ മുമ്പിൽ ഭ്രമിച്ചു പോയ ഹെരോദാവ്, യഹൂദന്മാരുടെ മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും കൂട്ടിവരുത്തി ക്രിസ്തു എവിടെയാകുന്നു ജനിക്കുന്നത് എന്ന് ചോദിക്കുമ്പോൾ, അവർ, യഹൂദ്യയിലെ ബെത്‌ലഹേ

**ഇതിൽ നിന്നും അവരുടെ ഹൃദയപരമാർത്ഥത തീർത്തും ശുഷ്കമായിരുന്നു എന്ന് വെളിപ്പെട്ടു. കർത്താവിന്റെ മടങ്ങിവരവിന് വാഗ്ദത്തം ഉണ്ടെന്ന് അവകാശപ്പെടുന്ന വിശ്വാസിസമൂഹത്തിൽ എത്ര പേർ വാസ്തവമായും കർത്താവിനായി കാത്തിരിക്കുന്നു? അതോ അന്നത്തെ യഹൂദപ്രമാണികളെപ്പോലെ ആയിരിക്കുന്നുവോ?**

മിൽ എന്ന് കൃത്യമായി പ്രവചനം ഉദ്ധരിച്ചുകൊണ്ട് മറുപടി പറഞ്ഞു. അവർ കാത്തുകാത്തിരുന്ന മശിഹ ജനിച്ചു എന്ന വാർത്ത തത്സമയം അവരും മനസ്സിലാക്കി. എങ്കിലും അവർ വിദ്വാന്മാരോടൊപ്പം മശിഹായെ തേടിപ്പോകുവാൻ മനസ്സുവയ്ക്കാതെ തങ്ങളുടെ അരമനയിലേക്കു മടങ്ങുകയാണുണ്ടായത്. ഇതിൽ നിന്നും അവരുടെ ഹൃദയപരമാർത്ഥത തീർത്തും ശുഷ്കമായിരുന്നു എന്ന് വെളിപ്പെട്ടു. കർത്താവിന്റെ മടങ്ങിവരവിന് വാഗ്ദത്തം ഉണ്ടെന്ന് അവകാശപ്പെടുന്ന വിശ്വാസസമൂഹത്തിൽ എത്ര പേർ വാസ്തവമായും കർത്താവിനായി കാത്തിരിക്കുന്നു? അതോ അന്നത്തെ യഹൂദപ്രമാണികളെപ്പോലെ ആയിരിക്കുന്നുവോ?

മശിഹായ്ക്ക് വേണ്ടി കാത്തിരുന്ന രണ്ടുപേരെ ലൂക്കോസ് നമുക്ക് പരിചയപ്പെടുത്തുന്നുണ്ട്. അതിൽ ആദ്യത്തെയാൾ ശിമ്യോനാണ്. 'യെരുശലേമിൽ ശിമ്യോൻ എന്നു പേരുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു, ഈ മനുഷ്യൻ നീതിമാനും ഇസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരിക്കുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവും അവന്റെ മേൽ ഉണ്ടായിരുന്നു. കർത്താവിന്റെ ക്രിസ്തുവിനെ കാണും മുമ്പേ, മരണം കാണുകയില്ല എന്ന് പരിശുദ്ധാത്മാവിനാൽ അവന് അരുളപ്പാട് ഉണ്ടായിരുന്നു. അവൻ ആത്മനിയോഗത്താൽ ദൈവാലയത്തിൽ ചെന്ന് യേശു എന്ന പൈതലിനു വേണ്ടി ന്യായപ്രമാണത്തിന്റെ ചട്ടപ്രകാരം ചെയ്യുവാൻ അമ്മയപ്പന്മാർ അവനെ അകത്തുകൊണ്ടു ചെന്നപ്പോൾ അവൻ ശിശുവിനെ കയ്യിലേന്തി ദൈവത്തെ പുകഴ്ത്തി. ഇപ്പോൾ നാഥാ, തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയക്കുന്നു. ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ

രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ എന്ന് പറഞ്ഞു. ഇങ്ങനെ അവനെക്കുറിച്ച് പറഞ്ഞതിൽ അവന്റെ അപ്പനും അമ്മയും ആശ്ചര്യപ്പെട്ടു' (ലൂക്കോസ് 2: 25 -33). മശിഹായ്ക്ക് വേണ്ടി കാത്തിരുന്ന ശിമ്യോൻ എട്ടു ദിവസം മാത്രം പ്രായമുള്ള ശിശുവായ യേശുവിനെ തിരിച്ചറിഞ്ഞു. പരിശുദ്ധാത്മാവ് നൽകിയ വെളിപ്പാടിനാലായിരുന്നു അവൻ യേശുവിനെ തിരിച്ചറിഞ്ഞത്.

ഹന്ന എന്ന വയോധികയായിരുന്നു രണ്ടാമത്തെ വ്യക്തി. 'ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളായ ഹന്ന എന്നൊരു പ്രവാചകി ഉണ്ടായിരുന്നു. വയോവൃദ്ധയായിരുന്ന അവൾ കന്യകാപ്രായം മുതൽ 7 സംവത്സരം ഭർത്താവോടൊത്തു ജീവിച്ചു. 84 സംവത്സരം വിധവയും വളരെ വയസ്സുചെന്നവളുമായി ദൈവാലയം വിട്ടു പിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ആരാധന ചെയ്തു പോന്നു. ആ നാഴികയിൽ അവളും അടുത്തുനിന്ന് ദൈവത്തെ സ്തുതിച്ചു. യെരുശലേമിന്റെ വീണ്ടെടുപ്പിനായി കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ച് പ്രസ്താവിച്ചു' (ലൂക്കോസ് 2: 36 - 38). ഹന്ന യേശുവിനെ തിരിച്ചറിഞ്ഞു എന്ന് മാത്രമല്ല യെരുശലേമിന്റെ വീണ്ടെടുപ്പിനായി കാത്തിരുന്ന എല്ലാവരോടും ക്രിസ്തുവിനെ സാക്ഷിക്കുകയും ചെയ്തു. അന്നത്തെ യഹൂദാ നേതൃത്വം ഉൾപ്പെടെ മശിഹായ്ക്ക് വേണ്ടി കാത്തിരുന്ന ചുരുക്കം പേർ ഒഴികെ, ബഹുഭൂരിപക്ഷം ആളുകളും ഭൗതിക ചിന്തകൾക്കു മാത്രം അടിമപ്പെട്ടു ജീവിച്ചു. മശിഹാ വരും എന്ന് അവർ പരമ്പരാഗതമായി വിശ്വസിച്ചു. എങ്കിലും മശിഹായ്ക്ക് വേണ്ടി ഒരുങ്ങി കാത്തിരുന്നില്ല. പ്രവാചകനിലൂടെ അരുളിച്ചെയ്ത വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് കർത്താവ് അവരെക്കുറിച്ച് പറഞ്ഞു: 'ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു, എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു. മാനുഷ കൽപ്പനകൾ ആയ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നത് കൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു' (മത്തായി 15: 8,9). അതായിരുന്നു അന്നത്തെ അവരുടെ ദുരവസ്ഥ!

നമ്മിലേക്കും നമ്മുടെ ഇടയിലേക്കും ഒന്നു തിരിഞ്ഞു നോക്കാം. കർത്താവിന്റെ മടങ്ങിവരവിൽ വിശ്വസിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന നാം കർത്താവിന്റെ വരവിനെ ഗൗരവമായി കാണുന്നുവോ? ഗൗരവമായി കാണുന്നു എങ്കിൽ നാം ഒരുങ്ങാതെ ഇരിക്കുമോ? വാസ്തവമായും നാം കർത്താവിനെ കാത്തിരിക്കുന്നുവോ?

ഒരുങ്ങിയിരുന്നവർ എന്ന് കരുതി എങ്കിലും, മണവാളൻ വന്നപ്പോൾ എണ്ണയില്ല എന്നു തിരിച്ചറിഞ്ഞ ബുദ്ധിയില്ലാത്ത കന്യകമാരെ പോലെ നാം ഭോഷന്മാരായി തീരരുത്. ഒരുങ്ങുക എന്നത് ഗൗരവമായി തന്നെ നാം കാണണം. ഭൂമിയിൽ നമ്മെ തളച്ചിടുന്ന ഭൗതിക ചിന്തകളിൽ നിന്നും സ്വപ്നങ്ങളിൽ നിന്നും മോചനം പ്രാപിച്ച്, നിത്യതയിലെ നിലനിൽക്കുന്ന നേട്ടങ്ങളിൽ നമുക്ക് ദൃഷ്ടി പതിപ്പിക്കാം. നാം സ്വർഗ്ഗീയ പൗരന്മാരാണെന്ന തിരിച്ചറിവോടെ ഈ ഭൂമിയിൽ പരദേശികൾ എന്ന് ഏറ്റുപറഞ്ഞ് നമുക്ക് ജീവിക്കാം. മതപരമായ ആഘോഷമായി ക്രിസ്മസ് പൊടിപൊടിച്ച് ആഘോഷിക്കുന്നവർ ക്രിസ്തുവിനെ വാസ്തവമായും തിരിച്ചറിയുന്നു എങ്കിൽ ഈ വ്യർത്ഥകാര്യങ്ങൾ വിട്ട് മാനസാന്തരപ്പെട്ട് ക്രിസ്തുവിനായി ജീവിതം സമർപ്പിക്കുമായിരുന്നു. മാത്രവുമല്ല ക്രിസ്തുവിന്റെ മടങ്ങിവരവിനായി ഒരുങ്ങുന്ന ജീവിതം നയിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുമായിരുന്നു.

ക്രിസ്തു മടങ്ങി വരുമ്പോൾ നാം പ്രാപിക്കുന്ന ഏറ്റവും വലിയ സംഗതി നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പാണ്. അപ്പോൾ 'നമ്മുടെ താഴ്ചയുള്ള ശരീരം ക്രിസ്തുവിന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടും'. ഈ അന്ത്യ വീണ്ടെടുപ്പ് എത്ര ഭാഗ്യകരമായ അവസ്ഥയാണ്. അങ്ങനെ നാം യേശുവിനെ താൻ ഇരിക്കുന്ന പോലെ തന്നെ മുഖാമുഖം കാണും. യേശുവിനെ നാം സ്വന്തമാക്കും. യേശുവിന്റെ മാർവിൽ ചാരിയിരുന്ന് യോഹന്നാൻ യേശുവിനെ ആസ്വദിച്ചതു പോലെ നമുക്ക് ഓരോരുത്തർക്കും യേശുവിനെ ആസ്വദിക്കുവാൻ കഴിയുന്ന അതിമഹത്തായ ആനന്ദകരമായ അനുഭവം!

യേശുവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്നവരിൽ ഈ പ്രത്യാശ നിറഞ്ഞിരിക്കുന്നു. അവർ ഈ ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കുകയില്ല. പ്രത്യുത, 'യേശു നിർമ്മലനായിരിക്കുന്നതുപോലെ അവർ തങ്ങളെ തന്നെ നിർമ്മലീകരിക്കുന്നു' (1 യോഹന്നാൻ 3: 3). യഥാർത്ഥമായും കാത്തിരിക്കുന്നവർ വിശുദ്ധ ജീവിതത്തിന്റെ മൂല്യം മനസ്സിലാക്കി ജീവിതത്തെ വിശുദ്ധിയിൽ നയിക്കുന്നവരാണ്. നാം ഓരോരുത്തരും അങ്ങനെയായിരിക്കട്ടെ. മടങ്ങിവരുന്ന മശിഹായ്ക്കായി നമുക്ക് കാത്തിരിക്കാം! •



സാജു മാത്യു

# നിങ്ങൾ ആരുടെ സേന?

**18**-ാം നൂറ്റാണ്ടിൽ അമേരിക്കയിൽ നടന്ന മഹാ ഉണർവിന്റെ നായകനായിരുന്ന ജോനാഥാൻ എഡ്‌വേർഡ്സ്, 19-ാമത്തെ വയസ്സിൽ തന്റെ ഡയറിയിൽ ഒരു പ്രാർഥന എഴുതിവെച്ചു: "സകലമനുഷ്യരും ദൈവത്തിന്റെ മഹത്വത്തിനായി ജീവിക്കണം" (Resolved that all men should live to the glory of God). ചില നാളുകൾക്കുശേഷം അദ്ദേഹം പ്രാർഥനയ്ക്ക് ഒരു അനുബന്ധം എഴുതിച്ചേർത്തു: ''മറ്റുള്ളവർ അങ്ങനെ ജീവിച്ചാലും ഇല്ലെങ്കിലും ഞാൻ ദൈവത്തിന്റെ മഹത്ത്വത്തിനായിത്തന്നെ ജീവിക്കും" (Resolved second, that whether others do this or not, I will).

പലപ്പോഴും ദൈവത്തെ അനുസരിക്കാൻ തീരുമാനിക്കുമ്പോൾ ഒറ്റയ്ക്ക് അനുസരിക്കേണ്ടിവരും. പടക്കൂട്ടത്തിനു മുന്നിൽ നിൽക്കുന്ന പലരും പിന്മാറുമ്പോൾ ഒരുപക്ഷെ നാം ഒറ്റയ്ക്കു മുന്നിൽ ചെന്നു പോരാടേണ്ടിവരും... അങ്ങനെയൊരു ചരിത്രമാണ് നാം നമ്മുടെ വേദഭാഗത്തു (1 ശമുവേൽ 17:1-58) കാണുന്നത്.

വേദപുസ്തകം പഠിച്ചിട്ടുള്ള ഏതുകൊച്ചുകുട്ടിക്കും പരിചിതമായ "ദാവീദിന്റെയും ഗോല്യാത്തിന്റെയും" കഥയും അതിന്റെ പശ്ചാത്തലവുമാണ് നമ്മുടെ വേദഭാഗം "ഓ! ദാവീദിന്റെയും ഗോല്യാത്തിന്റെയും കഥയല്ലെ, അതൊക്കെ എനിക്കു നന്നായറിയാം'' എന്നാവും ഈ വേദഭാഗം വായിക്കുമ്പോൾ നമുക്ക് ആദ്യം തോന്നുക.

ലളിതമായ ഒരു വേദഭാഗം പ്രത്യക്ഷത്തിൽ കാണുന്നത്ര ലളിതമായിരിക്കണമെന്നില്ല എന്നാണ് എന്റെ അനുഭവം. 'കഠിന'മായ വേദഭാഗങ്ങൾ അത്ര കഠിനമാകണമെന്നുമില്ല. പ്രത്യക്ഷത്തിലെ ലാളിത്യം വിശകലനത്തിൽ സങ്കീർണവും, പ്രത്യക്ഷത്തിലെ കഠിനത ഉള്ളിലേക്കു ചെല്ലുമ്പോൾ ലളിതവുമാകാം. എന്നാൽ ലളിതമായ വേദഭാഗങ്ങളിലെ കഥയുടെ പുറംതോടു കണ്ട് ആസ്വദിച്ച് ഉള്ളുതുറക്കാതെ പോകുന്നവർക്കു നഷ്ടമാകുന്നത് പലപ്പോഴും ദൈവികതയുടെ മർമ്മങ്ങളാകാം. പുരുഷാരം യേശുവിന്റെ ഉപമകളിലെ കഥകേട്ട് രസിച്ചു വീട്ടിലേക്കു മടങ്ങിയപ്പോൾ യേശുവിന്റെ പാദപീഠങ്ങളിലിരിക്കാൻ സമയം കണ്ടെത്തിയവർക്കു മാത്രം ദൈവരാജ്യത്തിന്റെ മർമ്മങ്ങൾ വെളിപ്പെട്ടുകിട്ടി.

യുദ്ധമാണ് ഈ അധ്യായത്തിൽ! യിസ്രായേല്യരും ഫെലിസ്ത്യരുമായുള്ള യുദ്ധം. ഇന്നും ആക്ഷരികമായി യുദ്ധം നടക്കുന്നുണ്ട്. എന്നാൽ ജഡരക്തങ്ങൾ തമ്മിലുള്ള ആക്ഷരികയുദ്ധം മാത്രമല്ല, അതിനുള്ളിൽ അടങ്ങിയിരിക്കുന്ന ആത്മിക മർമ്മമാണ് നാം ധ്യാനിക്കുന്നത് (2 കൊരിന്ത്യർ 10:3). ആക്ഷരിക യിസ്രായേൽ ആരെങ്കിലുമായൊക്കെ യുദ്ധം ചെയ്യുന്നത് അവരുടെ രാഷ്ട്രീയകാര്യം. യിസ്രായേൽ കാണിക്കുന്ന എല്ലാ ദുഷ്ടതയ്ക്കും കൂട്ടുപിടിക്കാനൊന്നും ദൈവം നമ്മെ വിളിച്ചാക്കിയിട്ടില്ല. ആക്ഷരിക യിസ്രായേൽ അനുഗ്രഹിക്കപ്പെടാൻ ഇനി ഒരു മാർഗ്ഗമേയുള്ളൂ... അവർ കുത്തിയവങ്കലേക്ക് - യേശുവിങ്കലേക്ക് - നോക്കി വിലപിക്കുക (യോഹന്നാൻ 9:37; സെഖര്യാവ്. 2:10; വെളിപ്പാട് 1:7). രക്ഷയ്ക്കായി യേശുവിൽ ആശ്രയിക്കുക. യേശുവിലൂടെയുള്ള രക്ഷയെ അംഗീകരിക്കാത്ത യഹൂദനും യവനനും പലസ്തീനിയും എല്ലാം ഒരുപോലെ! "തിന്മ പ്രവർത്തിക്കുന്ന ഏതു മനുഷ്യാ

ത്മാവിനും കഷ്ടവും സങ്കടവും, ആദ്യം യഹൂദനും പിന്നെ യവനനും വരും. നന്മ പ്രവർത്തിക്കുന്ന ഏവനും മഹത്ത്വവും മാനവും സമാധാനവും, ആദ്യം യഹൂദനും പിന്നെ യവനനും വരും" (റോമർ 2: 9,10).

എന്നാൽ യിസ്രായേലിന്റെ ചരിത്രത്തിൽ നിന്ന് നാം പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. "ഇത് ദൃഷ്ടാന്തമായിട്ട് അവർക്കു സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു" (1 കൊരിന്ത്യർ 10: 11). ആത്മികപാഠങ്ങളാണു നാം പഠിക്കേണ്ടത്. മരുഭൂമിയിൽ യിസ്രായേൽമക്കൾ ആക്ഷരികമായി മന്ന തിന്നു; പിളർന്ന പാറയിൽ നിന്ന് ആക്ഷരികമായി വെള്ളംകുടിച്ചു. എന്നാൽ നമുക്ക് അത് സ്വർഗത്തിൽ നിന്നുള്ള ആത്മികാഹാരത്തിന്റെ ദൃഷ്ടാന്തമാണ്. പിളർന്ന പാറ ചങ്കുപിളർന്ന് നമ്മെ ജീവജലം കുടിപ്പിക്കുന്ന ക്രിസ്തുവിന്റെ പ്രതീകവും.

ഇനി നമുക്ക് യിസ്രായേലിലെ യുദ്ധഭൂമിയിലേക്കു മടങ്ങിവരാം. ഇനിയിത് യിസ്രായേലും ഫെലിസ്ത്യരും തമ്മിലുള്ള യുദ്ധമല്ല; പ്രത്യുത, ദൈവത്തിന്റെ സഭയും സാത്താന്റെ സേനയും തമ്മിലുള്ള യുദ്ധം. "നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രെ" (എഫെസ്യർ 6:12).

"ഫെലിസ്ത്യർ സൈന്യങ്ങളെ യുദ്ധത്തിനു ഒന്നിച്ചുകൂട്ടി" (1 ശമുവേൽ 17: 1). യുദ്ധം തുടങ്ങുന്നത് ഫെലിസ്ത്യരാണ്. 'ശൗലും യിസ്രായേല്യരും ഒന്നിച്ചുകൂടി' (1 ശമുവേൽ 17: 2). ഫെലിസ്ത്യർക്കെതിരെ യുദ്ധത്തിനായി ശൗൽ യിസ്രായേല്യരെ ഒന്നിച്ചുകൂട്ടിയതല്ല; പ്രത്യുത, ഫെലിസ്ത്യർ ആക്രമിക്കാൻ വന്നപ്പോൾ ഒരു ചെറുത്തുനിൽപ്പിനായി അവർ ഒന്നിച്ചുകൂടിയെന്നുമാത്രം.

ഒരു യുദ്ധത്തിൽ രണ്ടു കൂട്ടരുണ്ട്: ആക്രമിക്കുന്നവരും പ്രതിരോധിക്കുന്നവരും. ഇവിടെ ഫെലിസ്ത്യർ ആക്രമിക്കുന്നവരും യിസ്രായേൽ പ്രതിരോധിക്കുന്നവരുമാണ്. എന്നാൽ യഥാർത്ഥത്തിൽ തിരിച്ചാണു സംഭവിക്കേണ്ടത്. ഫെലിസ്ത്യരുൾപ്പെടെയുള്ള സകലരാജ്യങ്ങളെയും ആക്രമിച്ചു കീഴടക്കാനാണ് ദൈവം യിസ്രായേൽമക്കളെ കനാൻ നാട്ടിലേക്കു പറഞ്ഞു വിട്ടത്(ആവർത്തനം 31:3). സഭ സാത്താനെ 'പ്രതിരോധിക്കുക' മാത്രം ചെയ്യുന്ന ഒരു സംഘമല്ല... സഭയെ ദൈവം ഭൂമിയിലാക്കിയിരിക്കുന്നത് സാത്താന്റെ ഗോപുരങ്ങളെ ഇടിച്ചുകളഞ്ഞ് അവൻ കയ്യടക്കി വെച്ചിരിക്കുന്ന ജനങ്ങളെ പിശാചിന്റെ സാമ്രാജ്യത്തിൽ നിന്നു വിടുവിക്കാനും കൂടിയാണ്.

നമ്മുടെ പോരിന്റെ ആയുധങ്ങൾ ജഡികങ്ങളല്ല... ഇതൊരു ആത്മിക യുദ്ധമാണ്. "നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രെ'' (എഫെസ്യർ 6: 12). എന്നാൽ പോരാട്ടം നമുക്കാണുള്ളത്; അല്ലാതെ നമ്മോടല്ല. പിശാച് നമ്മോടു പോരാടുന്നുണ്ടോ എന്നതല്ല നമ്മുടെ ചോദ്യം. നാം പിശാചിനോടു പോരാടുകയാണ്... എന്തിന്? അവനെ പിടിച്ചുകെട്ടി അവന്റെ നിധി കവർച്ചചെയ്യുവാൻ (മത്തായി 12: 29; മർക്കൊസ് 3: 27). എന്താണ് പിശാചിന്റെ ധനം? അത് അവൻ കയ്യടക്കിവെച്ചിരിക്കുന്ന മനുഷ്യരല്ലാതെ മറ്റൊന്നുമല്ല. അതെ! ദൈവസഭ പ്രതിരോധകർ മാത്രമല്ല... ആക്രമണോത്സുകരായി പിശാചിനോട് യുദ്ധം ചെയ്ത്, അവന്റെ സാമ്രാജ്യത്തിലേക്ക് അതിക്രമിച്ചു കടന്ന്, അവൻ കീഴടക്കിവെച്ചിരിക്കുന്ന ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരെ പിടിച്ചെടുക്കുകയാണ് സഭയുടെ ദൗത്യം. നാം ആത്മാക്കളെ പിടിച്ചെടുക്കുന്നവരാണ്.

'ഫെലിസ്ത്യർ ഇപ്പുറത്ത് ഒരു മലഞ്ചെരിവിലും യിസ്രായേല്യർ അപ്പുറത്തെ മലഞ്ചെരിവിലും നിന്നു; അവരുടെ മദ്ധ്യേ ഒരു താഴ്വര ഉണ്ടായിരുന്നു' (1 ശമുവേൽ 17: 3). താഴ്വര ഒരു അതിർത്തിയാണ്. ഒരാൾ അവിടെനിന്നു ഇങ്ങോട്ടുവന്നാലും ഇവിടെനിന്ന് ഒരാൾ അങ്ങോട്ടുചെന്നാലും താഴ്വര മുറിച്ചുകടക്കുന്ന ആൾ ജീവനെ പണയം വച്ചാണ് അതിർത്തികടക്കുന്നത്. ചോദ്യമിതാണ്– സുരക്ഷിതപാളയം വിട്ട് താഴ്വര മുറിച്ച് ആര് ശത്രുവിന്റെ പാളയത്തിലേക്കു കയറിച്ചെല്ലും?

ഫെലിസ്ത്യരുടെ കൂട്ടത്തിൽ നിന്ന് ഒരുവൻ – ഗോല്യാത്ത് അതിർത്തിയിലെത്തിയിട്ടുണ്ട്! അവന്റെ വെല്ലുവിളി ഇതാണ്: 'നിങ്ങൾ ഒരുത്തനെ തെരഞ്ഞെടുത്തുകൊൾവിൻ, അവൻ എന്റെ അടുക്കൽ ഇറങ്ങിവരട്ടെ. അവൻ എന്നെ കൊല്ലുന്നുവെങ്കിൽ ഞങ്ങൾ നിങ്ങളുടെ അടിമകൾ.

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# നിഷ്ഫലന്മാരും പ്രത്യാശയിൽ ഓടുന്നവരും

**പ**രിജ്ഞാനത്തിന്റെ ഓട്ടത്തിൽ നിന്ന് അല്ലെങ്കിൽ ഇടുക്കു വഴിയിലൂടെ ഉള്ള ജീവന്റെ നടപ്പിൽ നിന്ന് പിൻവാങ്ങി, ഫലം കൊടുക്കാത്തവരായി മാറുന്നവരെക്കുറിച്ചാണ് നാം കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചത്. യാതൊരു ഫലവുമില്ലാത്ത ഒരവസ്ഥ വിശ്വാസിയിലുണ്ടാകുമോ? തീർച്ചയായും ഉണ്ടാകും എന്നാണ് ഈ വേദവചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ശാപയോഗ്യനായി മാറുവാൻ ഒരു വിശ്വാസിക്ക് സാധ്യതയുണ്ട്.

ഫലം പുറപ്പെടുവിക്കാത്ത വിശ്വാസികൾ മന്ദത ബാധിച്ചവർ ആണ്. ഏതൊരു മനുഷ്യനും ഈ മന്ദതയിൽ അകപ്പെടാം. അങ്ങനെ അകപ്പെട്ടാൽ പിന്നെ കട്ടിയായ വചനങ്ങൾ അവർക്കു ദഹിക്കില്ല. ദൈവത്തിനായി ഫലം പുറപ്പെടുവിക്കാൻ അവർക്കു കഴിയില്ല. അവർ വെറുതെ വചനം കേൾക്കും, പക്ഷെ അതിൽ നിലനിൽക്കാനോ, ആ വെളിച്ചത്തിൽ ജീവിക്കാനോ അവർക്കു കഴിയുകയില്ല. പ്ലാവ് പോലുള്ള ഏതു ഫലവൃക്ഷവും വളക്കൂറുള്ള സാഹചര്യത്തെ പരിമിതപ്പെടുത്തി നട്ടാൽ, അതിനു ഫലം കായ്ക്കുവാൻ കഴിയാതെ നിഷ്ഫലമായി മുരടിച്ചു പോകും. അതുപോലെ വിശ്വാസത്താൽ ദൈവ ശക്തി അറിഞ്ഞവർ പലരും നിഷ്ഫലന്മാരും ശാപത്തിനു വളരെ അടുത്ത നിലയിലേക്ക് എത്തുന്നവരും ആയിരിക്കും എന്ന് കഴിഞ്ഞ ലക്കത്തിലെ ചിന്തകൾ നമുക്ക് മുന്നറിയിപ്പ് നൽകുന്നു.

ഇതോടു കൂടെ ആശ്വാസം ഉണ്ടാക്കുന്ന ചില കാര്യങ്ങൾ കൂടെ എബ്രായ വിശ്വാസികളോട് എബ്രായ ലേഖനകർത്താവു പറയുന്നുണ്ട്. എബ്രായ വിശ്വാസികൾ അങ്ങനെ നിഷ്ഫലന്മാർ ആയിപ്പോകും എന്ന് താൻ വിശ്വസിക്കുന്നില്ല. രക്ഷയെ തെളിയിക്കുന്ന പ്രവൃത്തികൾ അവരിൽ വെളിപ്പെട്ടിട്ടുണ്ട്. ദൈവം അത് കരുതി വച്ചിട്ടുമുണ്ട് . എന്നാൽ ഈ മുന്നറിയിപ്പ് അവർക്കും കൂടെ ഉള്ളതാണ്. കാരണം നിൽക്കുന്നു എന്ന് നമുക്ക് എത്ര തോന്നിയാലും എപ്പോൾ വേണമെങ്കിലും വീണു പോകാവുന്ന അവസ്ഥയിൽ ആണ് നാം എന്നുള്ളത് വ്യക്തമാണ് . കൃപയാൽ മാത്രം ആണ് നാം വീഴാതെ മുന്നോട്ടു പോകുന്നത്. അതുകൊണ്ട് നാം പ്രത്യാശയിൽ ഉറപ്പുള്ളവർ ആയിരിക്കുമ്പോൾത്തന്നെ വീഴാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടവരും ആണ്. അതിനായി ദൈവത്തിന്റെ കൃപ നമ്മെ സഹായിക്കും. മുന്നറിയിപ്പ് തന്ന

തിന് ശേഷം നാം തുടർന്ന് വായിക്കുന്നത്, രക്ഷയുടെ വാഗ്ദത്തങ്ങളെ ഉറപ്പിച്ചു നൽകുന്ന വാക്യങ്ങൾ ആണ്.

എബ്രായർ 6:11,12 വചനങ്ങളിൽ, എന്നാൽ നിങ്ങൾ ഓരോരുത്തൻ പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപിപ്പാൻ അവസാനത്തോളം ഒരുപോലെ ഉത്സാഹം കാണിക്കേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും.

നമ്മെ രക്ഷിക്കുന്ന പ്രത്യാശയെ മുറുകെ പിടിക്കേണ്ടത് എത്ര വലിയ ആവശ്യമാണ്. രക്ഷാകരമായ ദൈവീക വാഗ്ദത്തങ്ങളെ ഒരിക്കലും നാം അവിശ്വസിക്കരുത്. വചനം മുന്നറിയിപ്പുകൾ തരുമ്പോഴും, പ്രത്യാശ അന്ത്യം വരെയും കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവശ്യം വ്യക്തമാക്കപ്പെടുന്നു. യാതൊരു മുന്നറിയിപ്പുകളും നമ്മുടെ പ്രത്യാശയെ അസ്ഥിരപ്പെടുത്തുന്നില്ല. എന്നുമാത്രമല്ല, അപ്പൻ മക്കൾക്ക് കൊടുക്കുന്ന മുന്നറിയിപ്പുകൾ എന്നതുപോലെ അവ പ്രത്യാശയെ കൂടുതൽ ഉറപ്പിക്കുന്നു.

പ്രത്യാശ നമുക്ക് ദീർഘക്ഷമ നൽകുന്നു, നമ്മുടെ മന്ദത നീക്കുന്നു, ഉത്സാഹം വർധിപ്പിക്കുന്നു. ഈ പ്രത്യാശ എങ്ങനെയാണ് നമുക്ക് ലഭിക്കുന്നത്? അത് ദൈവം നൽകുന്ന വാഗ്ദത്തത്തിന്റെ അടിസ്ഥാനത്തിൽ ആണ്. ദൈവം നമുക്ക് നൽകുന്ന രക്ഷയുടെ വാഗ്ദത്തം അഴിഞ്ഞുപോകാത്ത പ്രത്യാശയെ ഉളവാക്കുന്നു. ആ പ്രത്യാശ നമ്മെ രക്ഷയിൽ വളർത്തുകയും അന്ത്യം വരെ ഓടുവാനും ദൈവത്തിനു ഫലം പുറപ്പെടുവിക്കാനും കഴിയുന്നവരായി നമ്മെ മാറ്റുകയും ചെയ്യുന്നു.

എബ്രായർ 6 ന്റെ 13 മുതൽ 16 വരെയുള്ള വചനം എന്ത് പറയുന്നു? എന്താണ് ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാനം? നമ്മെ ഈ മ്ലേച്ഛലോകത്തിൽ നിന്ന് രക്ഷിക്കുവാൻ തക്കവണ്ണം ശക്തിയുള്ള ആ പ്രത്യാശ എങ്ങനെ ആണ് ഒരാളുടെ ഉള്ളിലുരുവാകുന്നത്? ഈ ചോദ്യത്തിനുള്ള ഉത്തരം ആണ് 13 ൽ നാം വായിക്കുന്നത്. ദൈവം എങ്ങനെ ആണ് നിസ്സഹായരും ഒരു അർഹതയും ഇല്ലാത്തവരും ആയ മനുഷ്യരിൽ ഭാഗ്യകരമായ പ്രത്യാശയെ ഉളവാക്കുന്നത്?

അബ്രഹാമിന്റെ അനുഭവമാണ് ഇവിടെ ദൈവപ്രവൃത്തിയുടെ ഉദാഹരണമായി കാണിച്ചിരിക്കുന്നത്. അബ്രഹാമിന് ദൈവം വാഗ്ദത്തം കൊടുക്കുന്നത് തലമുറകളുടെ അനുഗ്രഹത്തെ സംബന്ധിച്ചാണ്. എന്നാൽ ആ സമയത്തു തലമുറകളെക്കുറിച്ച് ചിന്തിക്കുവാൻ അബ്രഹാമിന് കഴിയുമായിരുന്നില്ല. അപ്പോൾ ദൈവം അബ്രഹാമിന്റെ ഉറപ്പിനായി ആണയിട്ട് വാഗ്ദത്തത്തെ ഉറപ്പിക്കുന്നു. അബ്രഹാമിന്റെ സന്തതി പരമ്പരകൾ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ ആകും എന്നും, അവർ അനുഗ്രഹിക്കപ്പെടും എന്നും ദൈവം ഒരു കൽപ്പന പുറപ്പെടുവിക്കുന്നു. ദൈവത്തിന്റെ കൽപ്പന ഒരു ശപഥം പോലെ ആണ്. അത് ഒരു വാക്കാലുള്ള ഉറപ്പാണ്. ഉണ്ടാവട്ടെ എന്ന് പറഞ്ഞപ്പോൾ ഈ പ്രപഞ്ചം മുഴുവൻ ഉണ്ടാകുവാൻ ഇടയാക്കിയ ദൈവത്തിന്റെ കൽപ്പന ഒരു ആണ പോലെ അബ്രഹാം സ്വീകരിച്ചു.

എബ്രായർ 6: 17 ൽ ഇതുപോലെ തന്നെ വാഗ്ദത്തത്തിന്റെ അവകാശികൾക്കു തന്റെ ആലോചന മാറാത്തത് എന്ന് കാണിക്കാൻ ദൈവം നിശ്ചയിച്ചപ്പോൾ വിശ്വാസികൾക്ക് ദൈവം ഒരു ആണയാൽ ഉറപ്പു കൊടുത്തു എന്ന് ഈ വാക്യം പറയുന്നു. ശരിക്കും ദൈവം ആണയാൽ വാഗ്ദത്തം ഉറപ്പിച്ചു തരുന്നുണ്ടോ? 6:13ൽ നാം കാണുന്നത്, ദൈവം അബ്രഹാമിനോട് വാഗ്ദത്തം ചെയ്യുമ്പോൾ തന്നെക്കാൾ വലിയവൻ ആരും ഇല്ലാത്തതു കൊണ്ട് തന്നെക്കൊണ്ടു തന്നെ സത്യം ചെയ്തു എന്നാണ്. അപ്പോൾ എല്ലാ സമയത്തും, ദൈവത്തിന്റെ ശപഥം ദൈവത്തെ തന്നെ സംബന്ധിക്കുന്നതാണ്.

പുതിയ നിയമത്തിൽ എവിടെ ആണ് നാം ഈ ശപഥം കാണുന്നത്? അത് ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തെ പ്രതിപാദിക്കുമ്പോഴാണ്. എബ്രായർ 7: 20, 21 വാക്യങ്ങൾ പറയുന്നു: 'അവർ ആണ കൂടാതെ പുരോഹിതന്മാരായിത്തീർന്നു. ഇവനോ നീ എന്നേക്കും പുരോഹിതൻ എന്നു കർത്താവു സത്യം ചെയ്തു, അനുതപിക്കയുമില്ല എന്നു തന്നോടു അരുളിച്ചെയ്തവൻ ഇട്ട ആണയോടുകൂടെ തന്നെ'. നമ്മുടെ രക്ഷയെ സംബന്ധിക്കുന്ന ശപഥം യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിന്മേലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ നിത്യ പൗരോഹിത്യം ആണ് നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം.

എബ്രായർ 6:18 ൽ നമ്മെ വിളിക്കുമ്പോൾ തന്നെ ദൈവം നമുക്ക് ഒരു പ്രത്യാശ മുന്നൊരു

ശേഷം പേജ് 18 ▶



**ജോർജ് മാത്യു, പുതുപ്പള്ളി**

# അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം

**മാ**നവജാതിക്കു മുഴുവൻ, സന്തോഷവും സമാധാനവും ആശംസിച്ചുകൊണ്ട് വീണ്ടുമൊരു ക്രിസ്മസ് സമാഗതമായി. ജാതിയുടെയും മതത്തിന്റെയും പേരിൽ വിഭാഗീയത വളർന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ നിർഭാഗ്യസാഹചര്യത്തിൽ ക്രിസ്മസ് സന്ദേശത്തിന്റെ പ്രസക്തി വർദ്ധിക്കുന്നു. മാനവരാശിക്കുവേണ്ടി സ്നേഹവാനായ ദൈവം നൽകിയ ഏറ്റവും വലിയ ദാനത്തിന്റെ അനുസ്മരണം കൂടിയാണ് ലോകമെമ്പാടും പല തരത്തിലും പല രീതിയിലും നടന്നുവരുന്ന ക്രിസ്മസ്. ക്രിസ്താബ്ദം നാലാം നൂറ്റാണ്ടുമുതൽ ഇത് ആരംഭിച്ചതായി കരുതപ്പെടുന്നു.

മാലാഖമാരുടെ നാട്ടിൽനിന്നും മാലോകരുടെ നാട്ടിലേക്ക് ഇറങ്ങിവന്ന ദൈവപുത്രനെ അനുസ്മരിച്ചുകൊണ്ട് വിവിധ രീതിയിലാണ് ആഘോഷങ്ങൾ നടന്നുവരുന്നത്. ഇന്നു ലോകത്തിലുള്ള ഏറ്റവും വലിയ ഉത്സവവും ഒരുപക്ഷെ ക്രിസ്മസ് തന്നെയാകും. 'വൈരുദ്ധ്യത്തിൽ ഏകത്വം' എന്ന തത്വം ക്രിസ്മസിനെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. ലോകത്തിന്റെ പല ഭാഗങ്ങളിൽ ജീവിക്കുകയും, പല ഭാഷകൾ സംസാരിക്കുകയും, പല സംസ്കാരങ്ങൾ പുലർത്തുകയും ചെയ്യുന്ന കോടിക്കണക്കിനു ജനങ്ങൾ പല രീതിയിലാണ് ക്രിസ്മസ് ആഘോഷിക്കുന്നതെങ്കിലും, എല്ലാത്തിന്റെയും ലക്ഷ്യം, ഒരുപക്ഷെ അറിയാതെയാണെങ്കിലും ലോകരക്ഷകനായ യേശുവിന്റെ ജനനത്തിരുനാൾ കൊണ്ടാടുക എന്നുള്ളതായിരിക്കാം.

യേശുവിന്റെ ജനനത്തിനു നൂറ്റാണ്ടുകൾക്കുമുമ്പ് ജീവിച്ചിരുന്ന യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ യേശുവിന്റെ മനുഷ്യജന്മത്തെക്കുറിച്ചുള്ള നിരവധി സൂചനകൾ കാണുവാൻ സാധിക്കും. പാപത്തിലാണ്ടുപോയ മാനവജാതിയെ രക്ഷിക്കുവാൻ ദൈവം മനുഷ്യരൂപത്തിൽ വെളിപ്പെടേണ്ടത് ആവശ്യമായിരുന്നു. അതിനുവേണ്ടിയാണ് ദൈവത്തിന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത്. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ ഇങ്ങനെ എഴുതുന്നു: 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു' (3:16). മശിഹാ എന്ന അഭിഷിക്തൻ മാനവരാശിയുടെ രക്ഷയ്ക്കായി ലോകത്തിൽ അവതരിക്കുമെന്ന് ദൈവജനമെന്ന പേരിൽ അറിയപ്പെട്ടിരുന്ന യഹൂദജാതി വിശ്വസിച്ചിരുന്നു. മശിഹായുടെ വരവിനായി അവർ കാത്തിരിക്കുകയും ചെയ്തു. എന്നാൽ യേശു എന്ന രക്ഷകൻ ഭൂമിയിലെ സമ്പന്നമായ ഒരു കൊട്ടാരത്തിലാണ് പിറക്കുന്നതെന്ന മൗഢ്യവിശ്വാസമായിരുന്നു അവർക്കുണ്ടായിരുന്നത്. അതുകൊണ്ടു തന്നെയാണ് ബേതലഹേമിൽ പുൽത്തൊട്ടിയിൽ കിടത്തിയ, ഉണ്ണിയേശുവിനെ അംഗീകരിക്കുവാനോ, ആദരിക്കുവാനോ ദുരഭിമാനികളായ യഹൂദജനത്തിനു സാധിക്കാതെ പോയതും!

ഉണ്ണിയേശുവിന്റെ ജനനത്തിൽ ഏറ്റവുമധികം ആഹ്ലാദിക്കുവാനും അനുഗ്രഹം പ്രാപിക്കുവാനും ഇടയായത് ആട്ടിടയർക്കും വിദ്വാന്മാർക്കും മിണ്ടാപ്രാണികളായ മൃഗങ്ങൾക്കുമായിരുന്നു. ആകാശ

ത്തിൽ നക്ഷത്രം കണ്ടപ്പോൾത്തന്നെ വിദ്വാന്മാർക്കു ദൈവപുത്രൻ മനുഷ്യജന്മമെടുത്തു നമ്മുടെ ഇടയിലേക്ക് വന്നു എന്ന് ബോദ്ധ്യമായി. അവർ നക്ഷത്രത്തെ പിന്തുടർന്ന് ബേതലഹേമിലെത്തി. ദൈവപുത്രന്റെ രാജത്വവും, പൗരോഹിത്യവും, പ്രവാചകത്വവും അംഗീകരിക്കുന്നതിന്റെ അടയാളമായി അവർ വിലയേറിയ പൊന്നും മൂരും കുന്തിരിക്കവും ഉണ്ണിയേശുവിനു കാഴ്ചയായി സമർപ്പിച്ചു.

ആട്ടിൻകൂട്ടത്തിനു കാവൽ കാത്തു വെളിയിൽ കിടന്നിരുന്ന നിരക്ഷരകുക്ഷികളായ ആട്ടിടയന്മാർ മാലാഖമാരുടെ മാധുര്യമേറിയ ഗാനം കേട്ടു: 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം.' ദൈവപുത്രൻ ജനിച്ചെന്ന വാർത്ത കേട്ടയുടൻ അവർ ആടുകളെ അവിടെ വിട്ട് കാലിത്തൊഴുത്തിലെത്തി. അവിടെ ശീലയിൽ പൊതിഞ്ഞുകിടക്കുന്ന പൈതലിനെ കണ്ട് അത്യധികം സന്തോഷിക്കുകയും, നമസ്കരിച്ച് അതായത് ആരാധിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. അവർക്കു കാഴ്ചയായി നൽകാൻ ഒന്നുമില്ലായിരുന്നെങ്കിലും നിഷ്കളങ്കമായ ഹൃദയങ്ങളെ ദൈവമുമ്പാകെ പരിപൂർണ്ണമായി സമർപ്പിക്കുവാൻ കഴിഞ്ഞു. പ്രസവത്തെ തുടർന്ന് കന്യകമറിയം അഭയത്തിനായി വഴിയമ്പലത്തിലെ മുറികൾ അന്വേഷിച്ചെങ്കിലും ആരും അവർക്ക് ആശ്രയം നൽകിയില്ല. യേശുവിന്റെ ഇഹലോകജീവിതത്തിനും വ്യക്തമായ ചില ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. സമൂഹത്തിലെ പാവങ്ങളോടും അഗതികളോടും ഭ്രഷ്ടരോടുമൊപ്പമാണ് കൂടുതൽ സമയം ചിലവഴിച്ചതും പ്രവർത്തിച്ചതും എന്നുള്ള വസ്തുത ഏറെ ശ്രദ്ധേയമാണ്. 'നീതിമാന്മാരെയല്ല, പാപികളെയത്രേ വിളിക്കാൻ ഞാൻ വന്നത്' എന്ന യേശുകർത്താവിന്റെ പ്രഖ്യാപനം നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്. 'ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ് എളുപ്പം' എന്ന യേശുകർത്താവിന്റെ അരുളപ്പാടും, സമ്പത്തിനും ലൗകിക നേട്ടങ്ങൾക്കും ദൈവരാജ്യത്തിൽ യാതൊരു സ്വാധീനവും ചെലുത്താനാകില്ല എന്നു വ്യക്തമാക്കുന്നു.

പാപികളേയും ചുങ്കക്കാരെയും സ്നേഹിച്ച ആ മഹാനുഭാവൻ, കേവലം സാധാരണക്കാരെയാണ് താൻ സ്ഥാപിച്ച സഭയുടെ ശുശ്രൂഷ ഏൽപ്പിച്ചത്. അവരിലൂടെയാണ് ഇന്നു ലോകമെമ്പാടും സഭ വ്യാപിക്കുവാൻ ഇടയായതും. സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അനീതികൾക്കുമെതിരെ വിപ്ലവകരമായ പരിവർത്തനമാണ് യേശുകർത്താവ് വിഭാവനം ചെയ്തത്. ദൈവാലയത്തിൽ കച്ചവടം നടത്തിയ കച്ചവടക്കാരെ ചമ്മട്ടിയെടുത്ത് പുറത്താക്കി യേശുകർത്താവ്. തന്നെ അനുഗമിച്ച വിശന്നിരിക്കുന്ന പുരുഷാരത്തെ കണ്ടപ്പോൾ മനസ്സലിയുകയും അവർക്കു അപ്പം നൽകി തൃപ്തരാക്കുകയും ചെയ്തു. സ്നേഹിതനായ ലാസറിന്റെ മരണവാർത്ത കേട്ടു കല്ലറക്കൽ ചെന്ന് കരയുന്നവരോടു കൂടെ കരയുകയും ചെയ്ത വ്യക്തി കൂടിയാണ് യേശുകർത്താവ്.

ക്രിസ്മസ് വേളയിൽ ക്രൈസ്തവർ അനുസ്മരിക്കേണ്ട ചില വസ്തുതകളുണ്ട്. ക്രിസ്തുവിന്റെ പ്രമാണങ്ങളും ഉപദേശങ്ങളും ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ? മദ്യപാനവും, ഉല്ലാസങ്ങളുമായി ആ ചൈതന്യരൂപിയുടെ സ്മരണയ്ക്ക് നാം കളങ്കം ചാർത്തുന്നില്ലേ? ജീവിതത്തിൽ ഒരു രൂപാന്തരവും വരുത്താതെ ബാഹ്യമായ ആഡംബരങ്ങളിൽ മാത്രം മുഴുകി അദ്ദേഹത്തിന്റെ ജന്മദിനം കൊണ്ടാടുന്നതിൽ എന്തെങ്കിലും കഴമ്പുണ്ടോ? ദരിദ്രർക്കു സദ്വാർത്തയായും, കുരുടർക്കു കാഴ്ചയായും, ബധിരർക്കു കേൾവിയായും, തടവുകാർക്കു വിമോചനമായും, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യമായും വെളിപ്പെട്ട യേശുവിനെ, ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റെയും വിഭാഗീയതയുടെയും പേരിൽ വേദനിപ്പിക്കുന്നതു ക്രൂരതയല്ലേ? അവശതയനുഭവിക്കുന്നവരിലും, രോഗികളിലും യേശുവിനെ ദർശിക്കുവാൻ സാധിക്കുന്നവർക്കാണ് ക്രിസ്മസ് അനുസ്മരണങ്ങളിൽ ഏറ്റവുമധികം സന്തോഷിക്കുവാനും, ആഹ്ലാദിക്കുവാനും സാധിക്കുന്നതെന്ന സത്യം നാം വിസ്മരിക്കരുത്. യേശുകർത്താവിനെ ആരുടെ ഹൃദയങ്ങളിലാണോ കർത്താവായി സ്വീകരിച്ച്, ഇടം കൊടുക്കുന്നത്, അവർക്കു നിലനിൽക്കുന്ന സ്വർഗ്ഗീയമായ സമാധാനവും പാപമോചനവും നിത്യജീവനും സൗജന്യമായി ദൈവം പ്രദാനം ചെയ്യുന്നു. അത് പ്രാപിക്കാത്തവർ ആഘോഷങ്ങൾ കൊണ്ട് ഒന്നും നേടുന്നില്ല. ഈ യാഥാർഥ്യം ഗൗരവമായി കാണുന്നവർ ഭാഗ്യവാന്മാർ. ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം നയിക്കുവാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

●



ഡേവിഡ് വിൽക്കേഴ്സൺ

# ദിനവും യേശുവോടൊത്ത് ...

**പ**ത്രോസും യോഹന്നാനും പ്രാർത്ഥനാസമയത്തു ദൈവാലയത്തിലേക്ക് ചെല്ലുന്നു. അവിടെ ഒരു മനുഷ്യൻ ഭിക്ഷ യാചിച്ചു കൊണ്ടിരുന്നു. അവൻ ജനനം മുതൽ മുടന്തനാണ്. എല്ലാ ദിവസവും ആരൊക്കെയോ അവനെ കൊണ്ടുവന്ന് ദൈവാലയത്തിന്റെ കവാടത്തിൽ കിടത്തും. അവൻ പണത്തിനായി എല്ലാവരോടും യാചിക്കും. പത്രോസും യോഹന്നാനും പ്രാർത്ഥനാസമയത്ത് അവിടേക്കു ചെന്നപ്പോൾ മുടന്തൻ അവരോടും ഭിക്ഷ ചോദിച്ചു. എന്നാൽ അവരുടെ മറുപടി: നോക്കൂ, ഞങ്ങളുടെ പക്കൽ പണമില്ല, വെള്ളിയും സ്വർണ്ണവുമില്ല. എന്നാൽ ഞങ്ങളുടെ പക്കൽ ഉള്ളത് ഞങ്ങൾ നിനക്കു തരാം. യേശുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്കുക. അവൻ എഴുന്നേറ്റു നടന്നു, സന്തോഷാതിരേകത്താൽ തുള്ളിച്ചാടി. 'യേശു എന്നെ സുഖപ്പെടുത്തി, യേശു എന്നെ സുഖപ്പെടുത്തി! എന്ന് വിളിച്ചു പറഞ്ഞു കാണും. ആളുകൾ അത്ഭുതപ്പെടുകയും ചെയ്തു. അവർക്കെല്ലാം അവനെ അറിയാമായിരുന്നു. വർഷങ്ങളോളം ഭിക്ഷ യാചിച്ചു ജീവിച്ചിരുന്ന അവശനും മുടന്തനുമായ ഈ മനുഷ്യനെ അവർ തിരിച്ചറിഞ്ഞു.

'പുരോഹിതന്മാരും ദൈവാലയത്തിലെ പടനായകനും സാദൂക്യരും ഈ അത്ഭുത സൗഖ്യത്തിലും ആയിരക്കണക്കിന് ആളുകൾ രക്ഷിക്കപ്പെടുന്നതിലും ദു:ഖിച്ചു. അസൂയ പൂണ്ട അവർ പത്രോസിനെയും യോഹന്നാനെയും ജയിലിലടച്ചു. അവർ രാത്രി ജയിലിൽ കിടന്നു, അടുത്ത ദിവസം അവരെ വിചാരണയ്ക്ക് കൊണ്ടുവരുന്നു. മഹാപുരോഹിതനായ ഹന്നാസും കയ്യഫാവും അവിടെ കോടതി മുറിയിൽ ഒത്തുകൂടി. അവർ പത്രോസിനെയും യോഹന്നാനെയും വിസ്തരിക്കുവാൻ തയ്യാറെടുക്കുകയായിരുന്നു.

എന്ത് ശക്തിയാലാണ്, ആരുടെ നാമത്തിലാണ് നിങ്ങൾ ഇത് ചെയ്തത് എന്ന് അവർ ചോദിക്കുന്നു. എന്തൊരു പ്രഹസനം? എന്തൊരു മണ്ടൻ ചോദ്യം? ഏകദേശം 5000ത്തോളം പേർ അനുതപിക്കുകയും നഗരത്തിലുടനീളം 'യേശുവിന്റെ നാമം വിളിച്ചു' കരയുകയും പ്രാർത്ഥിക്കുകയും ചെയ്തത് ഇവരറിഞ്ഞിരുന്നില്ലേ? കൂടാതെ സൗഖ്യം പ്രാപിച്ച മുടന്തൻ അവിടെ ഉണ്ടായിരുന്നല്ലോ. അവൻ ദൈവാലയത്തിൽ മാത്രമല്ല എല്ലായിടത്തും യേശു എന്നെ സൗഖ്യമാക്കി എന്ന് പറയുന്നു: ഏതു പേരിലാണ് സൗഖ്യം നടന്നത് എന്നതു അവർക്കു പകൽ പോലെ വ്യക്തമായിരുന്നു. ന്യായം വിധിക്കാൻ ഇരുന്ന ഉന്നതരും ശക്തരുമായ ഈ മനുഷ്യർ അജ്ഞത നടിക്കുകയായിരുന്നോ? ആ സമയത്ത് യേശുക്രിസ്തുവിന്റെ പേര് പരാമർശിക്കാൻ പോലും അവർ ഭയപ്പെടു

ന്നു. ഒരുപക്ഷെ അത് പരാമർശിച്ചാൽ അവരുടെ നിലനിൽപ്പിനെ ബാധിച്ചേക്കാം എന്നത് കൊണ്ടാവാം.

പത്രോസ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: മുടന്തനെ സൗഖ്യമാക്കിയവന്റെ പേര് നസ്രത്തിലെ യേശു. പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യത്തിൽ അവർ സ്തംഭിച്ചു, ആശ്ചര്യപ്പെട്ടു. അവർ യേശുവിനോടുകൂടെ ആയിരുന്നുവെന്ന് മനസ്സിലാക്കി. ആ കോടതി മുറിയിൽ ഉണ്ടായിരുന്ന മറ്റെല്ലാ പുരുഷന്മാരിൽ നിന്നും ഈ പുരുഷന്മാരെ വ്യത്യസ്തരാക്കിയ എന്തോ ഒന്ന് അവരിലുണ്ടായിരുന്നു. ചില ശക്തികൾ അവരെ പിടികൂടിയിട്ടുണ്ട്. ഈ മനുഷ്യർ യേശുവിനോടൊപ്പം ഉണ്ടായിരുന്നവർ തന്നെ! കോടതിമുറിയിൽ ഇവരെ വിസ്തരിക്കുവാൻ ഒത്തുകൂടിയവർ പരസ്പരം പറഞ്ഞു:

ഈ ക്രിസ്തുശിഷ്യന്മാർ മഹത്തായ നിയോഗം നിറവേറ്റുകയായിരുന്നു. അവർ യരുശലേമിൽ സാക്ഷികളാകാൻ തുടങ്ങി. തങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിച്ചു കൊണ്ട് സാക്ഷ്യം വഹിക്കുകയായിരുന്നു അവർ. അതെ, അവസാന നാളുകളിൽ ലോകത്തിന് സുവിശേഷ സാക്ഷ്യം വഹിക്കുന്നത് യേശുവിനൊപ്പം ആയിരിക്കുന്നവരും അവന്റെ സാന്നിധ്യത്താൽ നിറഞ്ഞവരുമായ ആളുകളാണ്.

യേശുവിനോടൊപ്പം ഉണ്ടായിരുന്നവരിൽ വെളിപ്പെട്ട അടയാളങ്ങൾ എന്തൊക്കെയാണ്? എല്ലാ ദിവസവും കർത്താവുമായി നല്ലപങ്കു സമയം ചെലവഴിക്കുന്നവരെക്കുറിച്ച് മാത്രമാണ് ഇപ്പോൾ സംസാരിക്കുന്നത്. ദിനവും യേശുവോടൊപ്പം പ്രാർത്ഥനയിൽ ആയിരിക്കുവാൻ അവർക്കു സമയമുണ്ടാകും. അതിനുള്ള സമയം അവർ കണ്ടെത്തിയിരിക്കും. പ്രാർത്ഥിക്കാനും വചനധ്യാനത്തിനും സമയമില്ല, യേശുവിനൊപ്പം തനിച്ചിരിക്കാൻ സമയമില്ല എന്ന് ക്രിസ്ത്യാനികൾ പറയുന്നത് കേൾക്കുമ്പോൾ വേദനയുണ്ടാകുന്നു. യേശുവിനോടൊപ്പം ആയിരിക്കാൻ സമയമില്ല എന്ന് പറയുന്നവർ അവരുടെ ഇഷ്ടങ്ങൾക്കൊത്ത് ലൗകിക കാര്യങ്ങൾക്കായി സമയം കണ്ടെത്തുന്നു. ഷോപ്പിംഗിന് പോകുന്നു, അനേക മണിക്കൂർ മാളിൽ ചെലവഴിക്കുന്നു. സമയമില്ലെന്ന് ആരും പറയരുത്! എല്ലവർക്കും സമയമുണ്ട്. പക്ഷെ, മനസ്സില്ലെന്നു മാത്രം. യേശുവിനൊപ്പം തനിച്ചായിരിക്കുക എന്ന കാര്യമൊഴിച്ച് അനേകർക്കും മറ്റെന്തിനും സമയമുണ്ട്.

യേശുവിനോടൊപ്പം ഉണ്ടായിരുന്നവരെ തിരിച്ചറിയുന്ന അടയാളങ്ങളിൽ ചിലതിനെക്കുറിച്ച് സംസാരിക്കട്ടെ. മുഖ്യമായതു ക്രിസ്തുവിനെ രുചിച്ചറിയുവാൻ ആത്മാവിലുള്ള വിശപ്പും ദാഹവും ആണ്. കർത്താവിനോടൊപ്പം സമയം ചെലവഴിക്കുന്നവർക്ക് ഒരിക്കലും യേശുവിനെ രുചിച്ചറിയുന്നത് മതിയാകുന്നില്ല. ക്രിസ്തുവിന്റെ സാന്നിധ്യം കൂടുതൽ ആഗ്രഹിക്കുന്നതൊഴിച്ചു മറ്റൊന്നിലും അവർ തൃപ്തരല്ലെന്ന് കാണുന്നു. രക്ഷിക്കപ്പെടുമ്പോൾ ഒരളവിൽ ക്രിസ്തുവിലുള്ള വിശ്വാസം എല്ലവർക്കും ദാനമായി ലഭിക്കും. ദൈവം ഓരോ മനുഷ്യർക്കും ഒരു പരിധി വരെ വിശ്വാസം നൽകിയിട്ടുണ്ട്. ചില ആളുകൾ നരകത്തിലേക്ക് പോകാതെ രക്ഷിക്കപ്പെടാൻ മാത്രം ആഗ്രഹിക്കുന്നു. ഞാൻ രക്ഷിക്കപ്പെട്ടു, അവർക്കു യേശുവിനെ അതിനായി മാത്രം മതിയാകും. ഞായറാഴ്ച രാവിലെ ഒരു മണിക്കൂർ സഹിച്ചു നിൽക്കുന്നു. ഇങ്ങനെയുള്ള മിക്ക ക്രിസ്ത്യാനികളും പള്ളികളിൽ പോകും. എന്നാൽ അവിടെ അവർ വിരസത അനുഭവിക്കുന്നു.

ആദ്യവിശ്വാസത്തിൽ സംതൃപ്തരായ ചില ആളുകൾ ഉണ്ടെന്ന് നാം കാണുന്നു. അവർ ക്രിസ്തുവിന്റെ നിറവുക്കളൊന്നും ആഗ്രഹിക്കുന്നില്ല. എന്നാൽ ദിനവും യേശുവോടൊപ്പം ആയിരിക്കുന്നവരിൽ യേശുവിനെ നന്നായി അറിയാനുള്ള അടങ്ങാത്ത വിശപ്പാണ്. അവർ ഇന്നത്തെ പോലെ നാളെ ജീവിക്കുവാൻ ആഗ്രഹിക്കുന്നില്ല. അവർ യേശുവിനെ കൂടുതൽ അറിയുവാനാഗ്രഹിക്കുന്നു. ദൈവത്തിന്റെ നിറവിൽ നിന്നും കൂടുതൽ ലഭിക്കാനവരാഗ്രഹിക്കുന്നു. കർത്താവിനായി അടങ്ങാത്ത വിശപ്പും ദാഹവും ഉണ്ട്, ആത്മാവിൽ വിശപ്പും ദാഹവുമുള്ളവർ!

മറ്റു ചില ക്രിസ്ത്യാനികളാകട്ടെ തങ്ങളുടെ പക്കലുള്ളത് ഒന്നും നഷ്ടപ്പെടുത്താതെ അതെല്ലാം നിലനിർത്താൻ ശ്രമിക്കുന്നു, അവർക്ക് ദിനവും യേശുവോടൊപ്പം ആയിരിക്കുവാൻ താൽപ്പര്യമുണ്ട്. എന്നാൽ യേശുവിനോട് അടുത്താൽ അവരോട് ചിലതൊക്കെ ഉപേക്ഷിക്കുവാൻ യേശു ആവശ്യപ്പെടുമെന്നു അവർ ഭയപ്പെടുന്നു. ഒരു മിഷൻ ഫീൽഡിലേക്ക് പോകാൻ പോലും കർത്താവു അവരോട് ആവശ്യപ്പെട്ടേക്കാം. പാവം ക്രിസ്ത്യാനി! അവരുടെ സ്വയകേന്ദ്രീകൃതമായ ജീവിതം ഉപേക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. യേശുവിനോട് കൂടുതൽ അടുക്കുകയാണെങ്കിൽ, അവൻ എന്നെ

തന്നെപ്പോലെയാക്കാൻ പോകുന്നു. അപ്പോൾ എനിക്ക് ശത്രുക്കളെ സ്നേഹിക്കേണ്ടി വരുമല്ലോ. അതുകൊണ്ടു അവർ യേശുവിനോട് കൂടെയിരുന്ന് ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുവാനും ആഗ്രഹിക്കുന്നില്ല. അവർ ലോകസ്നേഹികളും ദൈവരാജ്യത്തിനു അനുയോജ്യരല്ലാത്തവരും തന്നെ.

ആളുകൾ പുതിയ സുവിശേഷങ്ങൾ തേടി ഓടുന്നത് എന്തുകൊണ്ടെന്ന് ഞാൻ നിങ്ങളോട് പറയട്ടെ. ആളുകൾ എപ്പോഴും കർത്താവിനോടൊപ്പം ആയിരിക്കുന്നതിനു പകരം, അലക്ഷ്യമായി ക്രിസ്തീയജീവിതം നയിക്കുന്നത് കർത്താവിനോടുത്തുള്ള ജീവിതം പരിചയിക്കാത്തതിനാലാണ്. എന്നാൽ യേശുവിനോടൊപ്പം എപ്പോഴും ആയിരുന്നവർ ആ ആത്മബന്ധത്തിൽ സംതൃപ്തരാണ്. അത് കൂടുതൽ കൂടുതൽ തൃപ്തികരമായും ദൃഢമായും വളരുന്നു. അവർക്കു ദിനവും മുമ്പ് അനുഭവിച്ചതിലും കൂടുതൽ സന്തോഷമുണ്ട്. അത് യേശുവിനോടൊപ്പം ആയിരുന്നതിനാൽ മാത്രമാണെന്ന് അവർക്കറിയാം. ക്രിസ്തുവുമായുള്ള അവരുടെ അടുപ്പം വളരുകയും അവർ സംതൃപ്തരാകുകയും ചെയ്യുന്നു. കാരണം ഇതുവരെ കണ്ടിട്ടില്ലാത്ത കാര്യങ്ങൾ കർത്താവ് അവർക്കു വെളിപ്പെടുത്തുന്നു. അവർ കൂട്ടായ്മയ്ക്കു പോകുന്നു, യേശു വെളിപ്പെടുത്തിയ, കാര്യങ്ങൾ പ്രസംഗിക്കുന്നു.

മറ്റൊരു കാര്യം, നല്ല പങ്കു വിശ്വാസികളും പരിശുദ്ധാത്മാവ് നയിക്കുന്ന സഭയെ അന്വേഷിക്കുന്നില്ല എന്നതാണ്. കാരണം തങ്ങളുടെ പാപങ്ങൾ വിട്ടുതിരിഞ്ഞു വിശുദ്ധജീവിതം നയിക്കുവാൻ പ്രബോധിപ്പിക്കുന്ന സന്ദേശങ്ങൾ കേൾക്കാനവരാഗ്രഹിക്കുന്നില്ല. ആത്മീയശിശുക്കളായി ജീവിക്കുന്നതിൽ സംതൃപ്തരായവർക്ക് ഒരിക്കലും വചനപ്രകാരമുള്ള ആത്മീയകൂട്ടായ്മ ലഭിക്കുന്നില്ല. പാപത്തെ താലോലിക്കുന്ന അവർ ജഡികന്മാരാണല്ലോ. തിരുവെഴുത്തനുസരിച്ച് പാൽ കുഞ്ഞുങ്ങൾക്കുള്ളതാണെന്ന് കാണുന്നു. അപ്പോസ്തലനായ പൗലോസ് പറഞ്ഞു: രക്ഷയുടെയും നിത്യജീവന്റെയും പുനരുത്ഥാനത്തിന്റെയും പ്രാരംഭ സത്യങ്ങൾ അടിസ്ഥാന സുവിശേഷ സത്യങ്ങളാണ്. പക്ഷേ, അത് ലളിതമായ സത്യമെന്ന പാലാണെന്ന് അദ്ദേഹം വിശദീകരിച്ചു. നിങ്ങൾ ചില കൂട്ടായ്മകളിൽ പോകു, അവിടെ കേൾക്കുന്നതെല്ലാം അടിസ്ഥാനങ്ങളെക്കുറിച്ചു മാത്രമാണ്. ക്രിസ്തുവിന്റെ പരിജ്ഞാന പൂർത്തിയിലെത്തിക്കുന്ന ഒരു സന്ദേശവും അവിടെ ഉണ്ടാവുകയില്ല. കാരണം അതാഗ്രഹിക്കുന്നവരവിടെ ഇല്ലല്ലോ!


**നല്ല പങ്കു വിശ്വാസികളും പരിശുദ്ധാത്മാവ് നയിക്കുന്ന സഭയെ അന്വേഷിക്കുന്നില്ല എന്നതാണ്. കാരണം, തങ്ങളുടെ പാപങ്ങൾ വിട്ടുതിരിഞ്ഞു വിശുദ്ധ ജീവിതം നയിക്കുവാൻപ്രബോധിപ്പിക്കുന്ന സന്ദേശങ്ങൾ കേൾക്കാനവരാഗ്രഹിക്കുന്നില്ല. ആത്മീയശിശുക്കളായി ജീവിക്കുന്നതിൽ സംതൃപ്തരായവർക്ക് ഒരിക്കലും വചനപ്രകാരമുള്ള ആത്മീയകൂട്ടായ്മ ലഭിക്കുന്നില്ല. അവർ പാപത്തെ താലോലിക്കുന്ന ജഡികന്മാരാണല്ലോ?**

ശാസനയ്ക്കും അത് ഉളവാക്കുന്ന തിരുത്തലിനും കീഴ്പ്പെട്ടിരിക്കാൻ നാം തയ്യാറല്ലെങ്കിൽ, ക്രിസ്തുവിന്റെ പൂർണതയിലേയ്ക്ക് എങ്ങനെ വളരും? ആർക്കും വളരാൻ കഴിയില്ല. കാലങ്ങൾ കഴിഞ്ഞിട്ടും ആത്മീയ വളർച്ചയില്ലാത്ത ആത്മീയ ശിശുക്കൾ മാത്രമായവരുടെ ഇടയിൽ ഇരിക്കുന്നവരാണോ നിങ്ങൾ? എബ്രായർ 5:12 - 14 വരെയുള്ള വചനം ഇഷ്ടപ്പെടുന്നുണ്ടോ? അദ്ധ്യാപകരായിരിക്കേണ്ടവരെ ദൈവത്തിന്റെ അരുളപ്പാടുകളാകുന്ന ആദ്യ തത്വങ്ങൾ വീണ്ടും പഠിപ്പിക്കേണ്ടതുണ്ടോ?

യേശുവിനോടൊപ്പം ആയിരുന്നവർ ക്രമാനുഗതമായി ആത്മീയ വളർച്ച പ്രാപിക്കുന്നു. ഓരോ തവണയും അവർ പ്രാർത്ഥനയിൽ ദൈവമുഖം അന്വേഷിച്ചു അവിടുത്തെ കാൽച്ചുവടുകൾ പിൻപറ്റി യേശുകർത്താവിന്റെ ദിവ്യസ്വഭാവത്തിനു കൂട്ടാളികൾ ആകുവാനാഗ്രഹിച്ച് സമർപ്പിക്കുന്നു. 'ക്രിസ്തു എന്ന തലയോളം' വളരുക എന്ന ലക്ഷ്യബോധത്തോടെ ജീവിച്ച് ഇങ്ങനെയുള്ളവർ പടിപടിയായി ആത്മീയ വളർച്ച പ്രാപിക്കുന്നു. ആ വളർച്ച പ്രാപിക്കുന്നതിലൂടെ ക്രിസ്തുവിൻ പത്രങ്ങളായി ലോകത്തിനു ക്രിസ്തുവിനെ വെളിപ്പെടുത്തുവാൻ പരിശുദ്ധത്മാവ് അവരെ സഹായിക്കുന്നു. ●



ഡോ. സജികുമാർ കെ. പി.



# തീരുമാനങ്ങൾ തിരിച്ചറിവോടെ എടുക്കുക

**ക**മ്പ്യൂട്ടറിന്റെയും മൊബൈൽ ഫോണിന്റെയും ലോകത്തു വിപ്ലവം സൃഷ്ടിച്ച സ്റ്റീവ് ജോബ്സ് ആദ്യം അട്ടാരി എന്ന ഒരു കമ്പനിയിലെ ഉദ്യാഗസ്ഥനായിരുന്നു. ആപ്പിൾ എന്ന ആശയം മനസ്സിൽ വന്നപ്പോൾ അദ്ദേഹം ഈ കമ്പനിയുടെ തലവനായിരുന്ന നോലൻ ബുഷ്നലിന്റെ അടുത്ത് ഇതേപ്പറ്റി സംസാരിക്കുകയും താൻ തുടങ്ങാൻ പോകുന്ന പുതിയ സംരംഭത്തിൽ അമ്പതിനായിരം ഡോളർ നിക്ഷേപിക്കാൻ ക്ഷണിക്കുകയും ചെയ്തു. മുഴുവൻ ലാഭത്തിന്റെയും മൂന്നിലൊന്ന് അദ്ദേഹം ബുഷ്നലിനു വാഗ്ദാനം ചെയ്തിരുന്നു. പക്ഷെ സ്വന്തം ജോലിക്കാരൻ ഇത്ര വലിയ കാര്യങ്ങൾ പറയുന്നത് ബുഷ്നലിനു തമാശയായിട്ടാണ് തോന്നിയത്. ആ വലിയ ഓഫർ അദ്ദേഹം നിരാകരിച്ചു. ആ ഒരു തീരുമാനം ദശലക്ഷക്കണക്കിനു ഡോളർ ലാഭം ലഭിക്കാവുന്ന ഒരു വലിയ നേട്ടമാണ് ഇല്ലാതാക്കിയത്. ജീവിതത്തിലെ ഏറ്റവും മണ്ടൻ തീരുമാനമായിരുന്നു സ്റ്റീവ് ജോബ്സിന്റെ ഓഫർ നിരാകരിച്ച തീരുമാനം എന്ന് അദ്ദേഹം പിന്നീട് പറയുകയുണ്ടായി.

നമ്മൾ ഒരു ദിവസം 35,000 തീരുമാനങ്ങൾ എടുക്കുന്നുണ്ട് എന്ന് കൗൺസലിംഗ് വിദഗ്ധരുടെ ചില പഠനങ്ങൾ പറയുന്നു. എന്തു തിന്നണം, കുടിക്കണം, ധരിക്കണം, സംസാരിക്കണം, എന്നിങ്ങനെ ഒരു മണിക്കൂറിൽ രണ്ടായിരത്തോളം കാര്യങ്ങൾ നാം തീരുമാനിക്കാറുണ്ടത്രെ! പക്ഷെ എത്രയധികം തീരുമാനങ്ങളാണ് ഇതിൽ മണ്ടത്തരമായിരുന്നു എന്ന് പിന്നീട് നമുക്ക് തോന്നിയിട്ടുള്ളത്?

നിങ്ങളോ നിങ്ങളുടെ സുഹൃത്തോ എടുത്ത ഒരു ആനമണ്ടത്തരത്തെക്കുറിച്ചു ഓർമ്മ വരുന്നുണ്ടോ? വിശുദ്ധ വേദപുസ്തകത്തിൽ, തീരുമാനങ്ങളെടുത്ത വ്യക്തികളെയും അനുബന്ധമായി ഒട്ടനവധി സംഭവങ്ങളും നാം കാണുന്നുണ്ട്. അതിലൊരു സംഭവം പറയാം: ഏദൻതോട്ടത്തിൽ അനുസരണക്കേടു കാണിക്കാനെടുത്ത തീരുമാനം. എന്തായിരുന്നു അങ്ങനെയൊരു മണ്ടൻതീരുമാനത്തിലേക്ക് ഹവ്വയെ നയിച്ച കാരണം? എന്തിനായിരുന്നു കള്ളത്തരവും വഞ്ചനയും പറയുന്ന പിശാചിനോടൊപ്പം സമയം ചിലവഴിച്ചത്? എന്തുകൊണ്ട് സ്വയത്തിന്റെ പ്രലോഭനങ്ങൾ ചെറുത്തില്ല? തെറ്റിന്റെ അനന്തരഫലത്തെപ്പറ്റി ചിന്തിക്കാൻ സാധിക്കാതെ പോയത് എന്തുകൊണ്ട്?

ദൈവം നേരിട്ടിറങ്ങിവന്ന് ശലോമോനോട് നിനക്ക് വേണ്ടത് എന്തായാലും ചോദിച്ചു കൊള്ളുക എന്ന് പറഞ്ഞപ്പോൾ എന്താണദ്ദേഹം ചെയ്തത്?

എനിക്ക് പരിജ്ഞാനവും ജനത്തെ വിവേകത്തോടെ പരിപാലിക്കാനുള്ള അറിവും തന്നാൽ മതി എന്ന് ദൈവത്തോട് ആവശ്യപ്പെടുകയായിരുന്നു . ആ തീരുമാനം ദൈവം വളരെ ഇഷ്ടപ്പെട്ടു. അതുകൊണ്ട് അറിവും പരിജ്ഞാനവും നല്കിയതിനോടൊപ്പം ദൈവം അദ്ദേഹത്തിന് സമ്പത്തും പ്രശസ്തിയും നൽകി. (2 ദിനവൃത്താന്തം 1: 10).

എന്നാൽ പിന്നീടങ്ങോട്ട് അദ്ദേഹം അനവധി തീരുമാനങ്ങൾ എടുത്തു. അതിൽ പലതും മണ്ടത്തരങ്ങൾ നിറഞ്ഞതായിരുന്നു. പിൽക്കാലത്ത് രാജാക്കന്മാർ പാലിക്കേണം എന്ന് ദൈവം അരുളിച്ചെയ്ത പല വ്യവസ്ഥകളും (ആവർത്തനം 17: 16 - 20), അദ്ദേഹം ലംഘിച്ചു(1 രാജാക്കന്മാർ 10:14-29, 11:1-8). അതിലേക്ക് അദ്ദേഹത്തെ ആകർഷിച്ചത് ആസ്വാദനങ്ങൾക്കു വേണ്ടിയുള്ള ആഗ്രഹങ്ങൾ ആയിരുന്നു. ശലോമോൻ അനവധി ആസ്വാദനങ്ങൾക്കു പിറകെ പോയി. ഒടുവിൽ താൻ സഭാപ്രസംഗി എന്ന പുസ്തകം എഴുതിയപ്പോൾ അതിൽ 34 തവണ ആവർത്തിച്ചിട്ടുള്ള ഒരു വാചകമാണ് 'മായ, മായ, സകലവും മായ' എന്നത്. അതായത് ഉടൻ ആസ്വാദനം തരുന്ന തീരുമാനങ്ങൾ ഒടുവിൽ നിരാശയിലും ശൂന്യതയിലും അദ്ദേഹത്തെ എത്തിച്ചു എന്നാണ് നാം മനസിലാക്കേണ്ടത്.

അതു നമുക്കൊന്ന് പ്രായോഗികമായി ചിന്തിച്ചു നോക്കാം. ഒരാൾക്ക് കലശലായി ദേഷ്യം വന്നു എന്ന് വിചാരിക്കുക. ആ ദേഷ്യം നിയന്ത്രിക്കുകയും കാരണക്കാരനായ ആളോട് ശാന്തമായി ചർച്ച ചെയ്തു പരിഹാരം ഉണ്ടാക്കുകയും ചെയ്യുക എന്നത് അനിവാര്യമായ കാര്യമാണ്. എന്നാൽ അതിനു പകരം കോപിക്കയും അക്രമാസക്തനാകയും ചെയ്താൽ അത് എങ്ങനെ പര്യവസാനിക്കും? കയ്യാങ്കളിയിലേക്കു കാര്യങ്ങൾ നീങ്ങുന്നത് വലിയ 'ഹീറോയിസം' ആണെന്ന് ചിലർ കരുതിയേക്കാം. പക്ഷെ തിരിച്ചടി ഉണ്ടാകുമ്പോഴോ, നിയമ കുരുക്കുകളിൽ കുടുങ്ങുകയും പ്രശ്നം വഷളാവുകയും ചെയ്യുമ്പോഴോ, പഠനസ്ഥലത്തുനിന്നും ജോലിസ്ഥലത്തുനിന്നും പുറത്താക്കപ്പെടുന്ന അവസ്ഥയിൽ എത്തുമ്പോഴോ, അത് കൂടുതൽ സങ്കീർണ്ണമാകയല്ലേ ചെയ്യുന്നത്? നമുക്ക് ഒരാളോട് കടുത്ത വാഗ്വാദമോ ഏറ്റുമുട്ടലോ ഉണ്ടായി. ശാന്തമായി പരിഹരിക്കാത്ത പക്ഷം ഭവിഷ്യത്ത് ഗുരുതരം ആയിരുന്നേക്കാം.

മറ്റൊരു പ്രായോഗിക ചിന്ത പറയാം: ഒരാളോട് നല്ല അഭിനിവേശം ഉണ്ടായി എന്ന് വിചാരിക്കുക. ഒന്നുകിൽ ആ വ്യക്തിയോട് നന്നായി സംസാരിക്കുകയും പ്രണയത്തിലേക്കും മറ്റും പോകാതെ സ്വയം നിയന്ത്രിക്കുകയും ആവാം. അല്ലെങ്കിൽ ബെല്ലും ബ്രേക്കും ഇല്ലാത്ത രീതിയിൽ പെരുമാറുകയും അത് ശാരീരിക പാപങ്ങളിൽ ചെന്നെത്തുകയും ചെയ്യാം. ഈ രണ്ടാമത്തെ തീരുമാനത്തിന് എന്തെങ്കിലും പ്രശ്നം ഉണ്ടോ? എന്താണത് എന്ന് പറയാമോ? അത് സ്ഫോടനാത്മകമായ അവസ്ഥയിൽ എത്തിച്ചേരും എന്നതു തന്നെ. പാപത്തിന്റെ ചിന്തയുദിക്കുമ്പോൾ തന്നെ അത് വേരോടെ പിഴുതു കളയണം. മറിച്ച്, പാപചിന്തയെ താലോലിക്കുകയും ഉന്മൂലനം ചെയ്യാതിരിക്കുകയും ചെയ്താൽ പാപത്തിന്റെ ചെളിക്കുണ്ടിലേക്കു വഴുതിവീഴാം. പിശാചിന് ഇടം കൊടുക്കുന്ന അനുഭവം ഉരുത്തിരിയാം. ഒരുപക്ഷെ പരിഹരിക്കാനാവാത്ത നിലയിലേക്ക് അത് നമ്മെ വീഴിക്കുവാനും നാശകരമായ, മടങ്ങിവരാനാവാത്ത ചതിക്കുഴികളിൽ അകപ്പെടുത്തുവാനും സാധ്യതയുണ്ട്.

ശരിയായ തീരുമാനങ്ങൾ തീർച്ചയായും ദൈവത്തിന്റെ സഹായത്താലാണ് ഉണ്ടാകുന്നത്. സദൃശ്യവാക്യങ്ങൾ 3:5,6 പറയുന്നത് നാം നമ്മുടെ സ്വന്ത ചിന്തകളിലൂന്നാതെ ദൈവത്തിൽ ആശ്രയിക്കണം, അങ്ങനെയെങ്കിൽ ദൈവം തന്നെ നമ്മെ വഴി നടത്തും എന്നാണ്. അതായത് എന്തു തീരുമാനം എടുക്കുന്നതിനും മുമ്പ് അത് ദൈവഹിതമോ എന്ന് പരിശോധിക്കുകയും ദൈവത്തോട് ആലോചന ചോദിക്കയും വേണം. തിരുവചന വെളിച്ചത്തിൽ നാം അത് വിവേചിക്കണം. 'ദൈവമേ അങ്ങയുടെ വഴികൾ എന്നെ പഠിപ്പിക്കണമേ' എന്ന് സങ്കീർത്തനം 25: 4, 5, 8, 9 വാക്യങ്ങൾ പറയുന്നു. നമ്മുടെ തീരുമാനങ്ങൾ ദൈവഹിതം തന്നെയോ എന്ന് എങ്ങനെ മനസ്സിലാക്കാം? വചനം വായിക്കുകയും ധ്യാനിക്കയും ചെയ്യുന്ന സ്വഭാവം ഉള്ളവരാണെങ്കിൽ ദൈവം നമ്മോടു വചനത്തിലൂടെ വ്യക്തമായി ഇടപെടും. തന്റെ ആലോചനയാൽ നമ്മെ വഴി നടത്തും. ഇത് മികച്ച തീരുമാനങ്ങൾ എടുക്കുവാൻ നമ്മെ സഹായിക്കും. ആത്മിക പക്വത ഉള്ള ആളുകളോട് സംസാരിക്കുന്നതും ആലോചന ചോദിക്കുന്നതും ശരിയായ തീരുമാനങ്ങളിലേക്ക് നമ്മെ നയിക്കും.

'നിങ്ങളിൽ ഒരാൾക്ക് ജ്ഞാനം കുറവാകുന്നു എങ്കിൽ അയാൾ ദൈവത്തോട് യാചിക്കണം. ആരെയും ശകാരിക്കാതെ എല്ലാവർക്കും എല്ലാം

നൽകുന്ന ഔദാര്യനിധിയായ ദൈവം അയാൾക്ക് ജ്ഞാനവും വിവേകവും നൽകും' (യാക്കോബ് 1: 5). നമുക്ക് പല കാര്യങ്ങളിലും വിവേകം കുറവായിരിക്കാം. അതുകൊണ്ട് സുപ്രധാനമായ തീരുമാനങ്ങൾ എടുക്കുന്നതിനു മുമ്പ് നാം ദൈവം അരുളിച്ചെയ്ത ഇക്കാര്യം ഓർത്തു പ്രാർത്ഥിക്കണം.

തീരുമാനങ്ങൾ എടുക്കന്നത്തിനു മുമ്പ് അതിന്റെ വരുംവരായ്കകൾ നന്നായി തിരുവചനവെളിച്ചത്തിൽ വിലയിരുത്താൻ സമയം കണ്ടെത്തണം. നമ്മുടെ മുമ്പിലുള്ള പല ഓപ്ഷനുകൾ പരിഗണിച്ച് ദൈവം ആഗ്രഹിക്കുന്നത് തിരഞ്ഞെടുക്കണം. ദൈവഹിതം അന്വേഷിക്കാതെ നമ്മുടെ ബുദ്ധിയിൽ നല്ലതെന്നു തോന്നുന്ന വഴി അഥവാ ചിന്തകൾ, ഉത്തമമായവ എന്നു തുടക്കത്തിൽ തോന്നാമെങ്കിലും അതിന്റെ അവസാനം പരിഹരിക്കാൻ പറ്റാത്തവിധം കുഴഞ്ഞുമറിഞ്ഞ മരണവഴികളായി അനുഭവപ്പെടാം (സദൃശ്യം 14:12). ഉദാഹരണത്തിന് ഒരാൾ ഒരു തെറ്റു ചെയ്തു എന്ന് വിചാരിക്കുക. ആ തെറ്റിൽ നിന്നു രക്ഷപ്പെടാൻ തുടരെത്തുടരെ എത്രയോ തെറ്റുകൾ ചെയ്യേണ്ടി വരുന്നു. വാർത്താമാധ്യമങ്ങളിൽ ഇത്തരം കാര്യങ്ങൾ നിറഞ്ഞുനിൽക്കുന്നു. അപ്രതീക്ഷിതമായ ഭവിഷ്യത്തുകൾ അനുഭവിക്കേണ്ടി വരികയും എന്ത് ചെയ്താലും നീക്കുപോക്കില്ലാത്ത നിലയിൽ എത്തിച്ചേരുകയും ചെയ്യുന്നു. ജീവിതം തന്നെ വഴിമുട്ടുന്ന സ്ഥിതിയിൽ ചക്രവ്യൂഹത്തിൽ അകപ്പെട്ടതുപോലെ പുകയുന്ന അഗ്നിപർവ്വത സാമാനം നീറി നീറി വേദനിക്കുന്ന ദുരവസ്ഥ.

ദാവീദ് രാജാവ് പരിചയസമ്പനായ യോദ്ധാവായിരുന്നു എങ്കിലും തനിക്കു യുദ്ധം നേരിട്ടപ്പോഴൊക്കെയും ഞാൻ ശത്രുക്കളെ പിന്തുടരേണമോ? എന്തു ചെയ്യണം? എങ്ങനെ പൊരുതണം? എന്ന് ദൈവത്തോട് ആലോചന ചോദിച്ച് വിജയം വരിച്ചത് നമുക്കും അനുകരണീയമായ ഒരു നല്ല മാതൃകയാണ്. മടങ്ങി വന്നു യഥാസ്ഥാനപ്പെടാനാവാത്ത 'നോ റിട്ടേൺ പോയിന്റ്' കടക്കാതെ ദൈവഹിതം അനുസരിച്ച് ജീവിതത്തെ സൂക്ഷിക്കാനും ഉത്തമ തീരുമാനങ്ങൾ എടുക്കാനും ദൈവം ഏവരെയും സഹായിക്കട്ടെ. •



ക്കിയിട്ടുണ്ട്. അത് നിത്യരക്ഷയെ സംബന്ധിക്കുന്നതാണ്. ആ പ്രത്യാശ മുറുകെ പിടിക്കുവാൻ പലപ്പോഴും നാം ബുദ്ധിമുട്ടിയിട്ടുണ്ടാവാം. ഇന്ന് പൊതുവെ പ്രത്യാശയ്ക്കു വിശ്വാസഗോളത്തിൽ വലിയ മാന്ദ്യം സംഭവിച്ചിരിക്കുന്നു എന്ന് നമുക്ക് കാണുവാൻ കഴിയും. ഇന്ന് കർത്താവിന്റെ വരവിൽ എടുക്കപ്പെടും എന്ന് വിശ്വസിക്കുന്ന ആളുകൾ സഭകളിൽ വളരെ അധികം കുറഞ്ഞിരിക്കുന്നു. എന്താണ് ഇതിനു കാരണം? വാഗ്ദത്തങ്ങളെയും രക്ഷയെയും ഉറപ്പിക്കുന്ന വാക്യങ്ങളെ കുറിച്ചുള്ള അജ്ഞത ആണ് ഇതിനു പ്രധാന കാരണം.

എബ്രായർ 6: 18 ൽ പ്രത്യാശ മുറുകെ പിടിക്കുവാൻ കർത്താവിന്റെ അടുത്തേയ്ക്കു ഓടി ചെല്ലുവാൻ ആണ് പ്രബോധിപ്പിക്കുന്നത്. നമ്മുടെ പ്രത്യാശയെ ഉറപ്പിച്ചു തരുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു. ദൈവം എങ്ങനെയാണ് നമുക്ക് പ്രത്യാശ ഉറപ്പിച്ചു തരുന്നത്? ശക്തമായ ഒരു പ്രബോധനം നാം പ്രാപിക്കുന്നതിലൂടെയാണ് അത്. ഈ കാര്യമാണ് നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം ആയി മാറുന്നത്. ഇങ്ങനെ ഉള്ള ശക്തമായ ഒരു പ്രബോധനം നാം ദൈവത്തിൽ നിന്ന് കേട്ടാൽ നമ്മുടെ പ്രത്യാശ വർദ്ധിക്കുമോ? തീർച്ചയായും! അബ്രഹാമിന്റെ ജീവിതത്തിൽ നാം അതാണ് കണ്ടത്. ദൈവം നൽകിയ ആണയോടു കൂടിയുള്ള വാഗ്ദത്തം അബ്രഹാമിനെ വിശ്വാസത്തിൽ ഉറപ്പുള്ള നീതിമാനാക്കി മാറ്റി. അതുപോലെ ഉള്ള ഒരു വാഗ്ദത്തം ആണ് ദൈവം നമുക്ക് നൽകുന്നത്.

ദൈവത്തിന്റെ ആണ ശക്തിയായ ഒരു പ്രബോധനം പോലെ നമ്മുടെ മനസ്സിനെ കീഴടക്കുന്നു. ദൈവത്തിന്റെ ആത്മാവ് നമ്മുടെ ആത്മാവോടു നാം ദൈവത്തിന്റെ മക്കൾ എന്നും, മക്കൾ എങ്കിൽ അവകാശികൾ എന്നും സാക്ഷ്യം പറയുന്നു. ആ അവകാശം ദൈവം നമുക്ക് പ്രത്യാശയും പ്രത്യാശയുടെ ഉറപ്പായ വിശ്വാസവും ഉണ്ടാക്കുന്നു. നാം എപ്പോഴും ഓർക്കേണ്ട കാര്യം നമ്മുടെ പ്രത്യാശയുടെ ഉറവിടം നമ്മുടെ നീതിപ്രവൃത്തികളോ, നാം തന്നെയോ അല്ല പ്രത്യുത, ദൈവം നമുക്കു നൽകുന്ന വാഗ്ദത്തങ്ങളുടെ ഉറപ്പ് എന്നതാണ്. •



മനു എം.എം

# ദരിദ്രരെങ്കിലും അനുഗ്രഹീതർ

ആരാണ് യഥാർത്ഥത്തിൽ അനുഗ്രഹിക്കപ്പെട്ടവർ? അവരുടെ സവിശേഷതകൾ എന്തൊക്കെ? യേശുക്രിസ്തു വ്യക്തമാക്കുന്നു: ഗിരിപ്രഭാഷണത്തിലെ കാതലായ ഭാഗങ്ങളാണ് എട്ട് ഭാഗ്യാവസ്ഥകൾ (ബീയാറ്റിട്യൂഡുകൾ). ഇതോരോന്നും മലയാള പരിഭാഷയിൽ അവസാനിക്കുന്നത് 'ഭാഗ്യവാന്മാർ' എന്ന വാക്കോടെയാണ്. ഗ്രീക്കിലെ മൂലപദം 'മകരിയോസ്' എന്നാണ്. ഇത് ഇംഗ്ലീഷ് പരിഭാഷയിൽ ബ്ലെസ്സഡ്, ഹാപ്പി എന്നിങ്ങനെ കാണുന്നു. ഗ്രീക്ക് പദത്തിന്റെ അർത്ഥം ദൈവത്താൽ ആത്മീയമായി അംഗീകരിക്കപ്പെടുക എന്നാണ്. അപ്പോൾ ആരാണ് യഥാർത്ഥത്തിൽ അംഗീകരിക്കപ്പെട്ടവർ അഥവാ അനുഗ്രഹീതർ?

യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്' എന്ന വാക്യശകലം ഒന്ന് വിശകലനം ചെയ്യാം. യേശുവിന്റെ കേൾവിക്കാർ ശിഷ്യന്മാർ മാത്രമായിരുന്നില്ല. മറിച്ച്, വലിയ പുരുഷാരവും അവിടുത്തെ നിത്യജീവമൊഴികൾക്ക് ചെവി കൊടുത്തിരുന്നു (മത്തായി 5:1,2). എല്ലാ കാലഘട്ടത്തിലും യേശുവിന്റെ വാക്കുകൾ ഓരോ കേൾവിക്കാരെയും യഥാർത്ഥ ശിഷ്യരാക്കുവാൻ പ്രാപ്തരാക്കുന്ന ദൈവവചനത്തിന്റെ തുറന്ന വെളിപ്പെടുത്തലുകളാണ്.

എന്താണ് ആത്മാവിലുള്ള ദാരിദ്ര്യം? ആക്ഷരികമായി ദാരിദ്ര്യം എന്നത് ജീവിതസന്ധാരണത്തിനു അത്യാവശ്യമായ ഉപാധികളുടെ ദൗർലഭ്യമാണ്. ദരിദ്രനായി, പരാജിതനായി, അധ:പതിച്ചവനായി തീരുവാനുള്ള ഒരു ആഹ്വാനമാണോ ഇത്? അല്ല, മറിച്ച് സ്വർഗ്ഗരാജ്യത്തിന്റെ ഉൾക്കാഴ്ചയെ പ്രാപിച്ച ഏതൊരാളും അവരവരിലേക്കു തന്നെ നോക്കിക്കാണുന്ന തങ്ങളുടെ നിസ്സഹായതയാണ് ഈ ആത്മീക ദാരിദ്ര്യം. നാം ആരും തന്നെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ യോഗ്യത ഉള്ളവരല്ല എന്ന് ദൈവവചനം വ്യക്തമാക്കുന്നു. പിന്നെയെങ്ങനെ ആ ഭാഗ്യകരമായ അവസ്ഥയിലേക്ക് നാം പ്രവേശിക്കും? അവിടെയാണ് ദാരിദ്ര്യം എന്ന പദത്തിന്റെ പ്രസക്തി. പരസഹായം കൂടാതെ അതിജീവനം സാധ്യമാക്കാൻ കഴിയാത്ത ഒരു വ്യക്തിയാണ് ദരിദ്രൻ. ഇവിടെ ഈ വചനവും അപ്രകാരം നമുക്ക് എടുക്കാൻ കഴിയും . നാം ദരിദ്രരാണ്, നമ്മുടെ സ്വയപരിശ്രമം കൊണ്ട് ഒരിക്കലും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ല. ഗിരിപ്രഭാഷണത്തിലെ തുടർന്നുള്ള പല ഭാഗങ്ങളിലും അത് വ്യക്തമാക്കുന്നു. തന്നിലേക്ക് നോക്കി തന്റെ ഇല്ലായ്മ മനസ്സിലാക്കി തകർന്ന ഹൃദയത്തോടെ ദു:ഖിക്കുന്ന ഒരു വ്യക്തിയാണ് ഈ ദരിദ്രൻ. അതിനൊരു ഉത്തമോദാഹരണമായി യേശുകർത്താവ് ലൂക്കോസ് 18: 9 - 14 വരെയുള്ള വേദഭാഗ

ങ്ങളിൽ വിശദീകരിക്കുന്നു. രണ്ടു മനുഷ്യർ പ്രാർത്ഥിക്കുവാൻ ദൈവാലയത്തിൽ ചെന്നു; ഒരാൾ പരീശൻ, മറ്റെയാൾ ഒരു നികുതി പിരിവുകാരൻ . പരീശൻ, തന്നെക്കുറിച്ച് തന്നെ ഇങ്ങനെ പ്രാർത്ഥിച്ചു: ദൈവമേ, കൊള്ളക്കാർ, ദുഷ്പ്രവൃത്തിക്കാർ, വ്യഭിചാരികൾ മുതലായവരെ പോലെയോ, ഈ ചുങ്കക്കാരനെ പോലെയോ ഞാൻ അല്ലായ്കയാൽ അങ്ങേയ്ക്കു നന്ദിപറയുന്നു... ദൈവത്തിന്റെ സന്നിധിയിൽ തനിക്ക് വരുവാൻ ഉള്ള ഏക യോഗ്യത ദൈവത്തിന്റെ കൃപ മാത്രമാണ് എന്ന് അറിയാതെ സ്വയത്തിൽ ഊറ്റം കൊള്ളുന്നു പരീശൻ. എന്നാൽ ചുങ്കക്കാരനോ, വളരെ ദൂരത്തു നിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും ധൈര്യപ്പെടാതെ മാറത്തടിച്ചു കൊണ്ട് ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്നു പ്രാർത്ഥിച്ചു'. ദൈവത്തെ അറിയേണ്ടുന്നത് പോലെ അറിയുന്നതും ആ മാനദണ്ഡത്തിൽ, താരതമ്യേന നാം എത്രയോ കുറവുള്ളവരാണ് എന്ന് തിരിച്ചറിയുന്നതുമാണ് ഈ ദാരിദ്ര്യത്തിന്റെ തുടക്കം. തന്നെത്താൻ കണ്ടുകൊണ്ട്, സ്വയം താഴ്ത്തിക്കൊണ്ട്, കരുണയ്ക്കു വേണ്ടി കേഴുന്ന ചുങ്കക്കാരന്റെ പ്രാർത്ഥന അനുകരണീയമായ നല്ലൊരു മാതൃകയാണ്. ഒരു ദരിദ്രന്റെ നിലവിളി എപ്പോഴും ഇപ്രകാരമായിരിക്കും. ദൈവത്തെ അറിഞ്ഞ് സ്വയം കാണുന്നവന്, അതായത് വിലയിരുത്തുന്നവന് തൃപ്തനാകാനോ മറ്റ് ദരിദ്രരുടെ കുറ്റം ആരോപിക്കുവാനോ കഴിയുകയില്ല. ഈ ഭൂമിയിൽ, അവസാനിക്കാത്ത ഒരു ദാരിദ്ര്യം, ആത്മീയ ദാരിദ്ര്യം മാത്രമാണ്. ഈ ദാരിദ്ര്യം അനുഭവിക്കുന്നവരുടെ വാഞ്ചയായ സ്വർഗ്ഗരാജ്യം അവർക്ക് ലഭിക്കും എന്നാണ്, യേശുകർത്താവ് പഠിപ്പിക്കുന്നത്.

നമ്മുടെ ആത്മീയത കേവലം മറ്റു മനുഷ്യരുമായി താരതമ്യ പഠനങ്ങൾ നടത്തി സംതൃപ്തി കണ്ടെത്തുന്നതാണോ? അല്ല, ദൈവത്തെയും സ്വർഗ്ഗരാജ്യത്തെയും പറ്റിയുള്ള വ്യക്തമായ ദർശനം ഒരു വ്യക്തിയിൽ നൽകുന്ന തിരിച്ചറിവാണു അവനനുഭവിക്കുന്ന ആത്മിക ദാരിദ്ര്യം. അങ്ങനെ തന്റെ പോരായ്മ അറിഞ്ഞ ഒരു വ്യക്തിയുടെ ആശങ്ക, ഞാൻ ദൈവത്താൽ അംഗീകരിക്കപ്പെടുമോ എന്നതാണ്. എന്നാൽ ദാരിദ്ര്യം തിരിച്ചറിയുന്നതാണ് ദൈവത്തിന്റെ അംഗീകരണത്തിനുള്ള ആദ്യപടിയെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. അത്തരത്തിലുള്ള ദരിദ്രന് സഹായം നൽകുന്ന ദൈവത്തെയാണ് ഇവിടെ നമുക്ക്

**ദൈവത്തെ അറിയേണ്ടുന്നത് പോലെ അറിയുന്നതും ആ മാനദണ്ഡത്തിൽ, താരതമ്യേന നാം എത്രയോ കുറവുള്ളവരാണ് എന്ന് തിരിച്ചറിയുന്നതുമാണ് ഈ ദാരിദ്ര്യത്തിന്റെ തുടക്കം. തന്നെത്താൻ കണ്ടുകൊണ്ട്, സ്വയം താഴ്ത്തിക്കൊണ്ട്, കരുണയ്ക്കു വേണ്ടി കേഴുന്ന ചുങ്കക്കാരന്റെ പ്രാർത്ഥന അനുകരണീയമായ നല്ലൊരു മാതൃകയാണ്.**

ദർശിക്കുവാൻ കഴിയുന്നത്.

അതിജീവനത്തിനായി പരസഹായം തേടുന്ന ഒരു യഥാർത്ഥ ഭിക്ഷാടകനെ നമുക്കൊന്ന് മനസ്സിൽ കാണാം. അവൻ കേഴുന്നവനാണ്, എന്തെങ്കിലും തന്ന് സഹായിക്കണമെന്ന് നിലവിളിക്കുന്നവനാണ്. ചില നാളുകൾക്കു മുൻപ് ഒരു യാത്രയ്ക്കിടയിൽ 'കഴിക്കാൻ എന്തെങ്കിലും വാങ്ങി തരുമോ?' എന്നൊരാൾ ചോദിച്ചത് ഞാൻ ഓർക്കുന്നു. മനസ്സലിവുള്ള ആരും ആ വാക്ക് മറുത്ത് മറികടന്ന് പോവുകയില്ല. ഇതുപോലെ ആത്മിക ദാരിദ്ര്യം അനുഭവിക്കുന്ന ഒരാളെയും ദൈവം ഉപേക്ഷിക്കുകയില്ല. അതെ, ഇല്ലായ്മയിൽ കഴിയുന്നവർക്ക് ദാരിദ്ര്യം എപ്പോഴും ഒരു നിലവിളിയാണ്. നുറുങ്ങിയ ഹൃദയവും തകർന്ന മനസ്സും കർത്താവ് നിരസിക്കുന്നില്ല. ആത്മിക ദാരിദ്ര്യം വലിയൊരു തിരിച്ചറിവാണ്. ആത്മികവിഷയത്തിൽ ഈ ദാരിദ്ര്യം ഒരാൾ തിരിച്ചറിയുന്നതാണ് അദ്ദേഹത്തിന്റെ ഭാഗ്യാവസ്ഥ. അതു കർത്താവില്ലാതെ ഈ ജീവിതം അസാധ്യമാണെന്നുള്ള ബോധത്തിലേക്ക് നടത്തുകയും ഓരോ നിമിഷവും ജീവിതത്തിലെ പോരായ്മകളെ കണ്ട്, അതെ, ഞാൻ എത്ര ദരിദ്രൻ എന്ന് മനസ്സിലാക്കി കർത്താവിന്റെ സഹായത്തോടുകൂടി അതിജീവനം കഴിക്കുന്നവരാണ് ആത്മീയമായി ദാരിദ്ര്യം അനുഭവിക്കുവർ. അവർക്ക് സ്വയം പുകഴുവാനോ പ്രശംസിക്കുവാനോ ഒന്നുമില്ല. നിന്നതും നിൽക്കുന്നതും നിൽക്കാൻ പോകുന്നതും ദൈവത്തിന്റെ കൃപ എന്ന വലിയ ബോധ്യം അവരെ എപ്പോഴും

ഭരിച്ചുകൊണ്ടിരിക്കും. അവർ ക്രിസ്തുവിൽ വളർന്നുകൊണ്ടേയിരിക്കും. ക്രിസ്തുവെന്ന തലയോളം വളരുവാൻ അവരെ ഈ ആത്മിക ദാരിദ്ര്യം പ്രാപ്തരാക്കിക്കൊണ്ടുമിരിക്കും.

ഈ വചനം നമുക്ക് മനസ്സിലാക്കിത്തരുന്ന മറ്റൊരു ആശയം നമ്മുടെ ആത്മീയ ദാരിദ്ര്യത്തിന് ഒരിക്കലും ഈ ഭൂമിയിൽ അവസാന ഉണ്ടാകുകയില്ല എന്നതാണ്. ഭൗതിക ദാരിദ്ര്യം പോലും മനുഷ്യർക്ക് തീർക്കാൻ കഴിയുന്നില്ല. പിന്നെയെങ്ങനെ ആത്മാവിൽ തികഞ്ഞവനായി ഈ ഭൂമിയിൽ ഒരാൾക്ക് ജീവിക്കുവാൻ കഴിയും? യേശുവിനെ അനുഗമിക്കാനാഗ്രഹിച്ച ഒരു പ്രമാണിയോട് യേശു അവന്റെ കുറവ് ചൂണ്ടിക്കാണിച്ചു പറഞ്ഞ വാക്കുകൾ ഇവിടെ കുറിക്കുന്നു. ഇനി ഒരു കുറവു നിനക്കുണ്ടു; നിനക്കുള്ളതൊക്കെയും വിറ്റു ദരിദ്രർക്കു പകുത്തുകൊടുക്ക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക (ലൂക്കോസ് 18:13). ഈ ധനികയുവാവ് പ്രമാണങ്ങൾ അനുസരിക്കുന്നു എന്ന് അവകാശപ്പെടുന്നവനും ഭൗതികമായ എല്ലാ സുഖസൗകര്യങ്ങളും ഉള്ളവനും ആയിരുന്നു. എങ്കിലും എല്ലാം ഉണ്ടായിരുന്ന ആ പ്രമാണി ആത്മികമായി ദരിദ്രനായിരുന്നു. സമ്പത്ത് ആത്മീയതയുടെ ലക്ഷണമായി ചിത്രീകരിക്കുന്ന ഒരു വല്ലാത്ത കാലഘട്ടത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. അപ്രകാരമുള്ള സമൃദ്ധിയുടെ സുവിശേഷം ഒരിക്കലും മനുഷ്യന്റെ ആത്മിക ദാരിദ്ര്യാവസ്ഥ ചൂണ്ടിക്കാണിക്കുകയോ പരിഗണിക്കുകയോ ചെയ്യുന്നില്ല. കേവലം ഭൗതികതയിലേക്ക് മാത്രം ആളുകളെ നയിച്ചും വഞ്ചിച്ചും സ്വയം ചതിച്ചും ആത്മീയ ദാരിദ്ര്യം ബോധ്യപ്പെടാതെയും മറ്റൊരു സുവിശേഷം ഉയർത്തുന്നവരെ സൂക്ഷിക്കണം. ഭൗതികത ഉയർത്തിപ്പിടിച്ച് ആത്മീയത കെട്ടിപ്പടുക്കുന്ന എല്ലാ പ്രസ്ഥാനങ്ങളും വചനവിരുദ്ധമാണ്. ആത്മാവ് സഭയോട് പറയുന്ന ദൂതിൽ അത് വ്യക്തമാണ് 'ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ; നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലയ്ക്കുവാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധിപറയുന്നു.'(വെളിപ്പാട് 3:17).

പ്രമാണിയുടെ ചോദ്യം ഒന്ന് ശ്രദ്ധിച്ചാലും, 'നല്ല ഗുരോ, ഞാൻ നിത്യജീവനെ അവകാശമാക്കേണ്ടതിന് എന്ത് ചെയ്യണം'?(ലൂക്കോസ് 18:18). യേശു തന്നെയാണ് നിത്യജീവൻ എന്ന് വിശുദ്ധ വേദപുസ്തകം വ്യക്തമാക്കുന്നു, അവനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. നമ്മുടെ താക്കോൽ വാക്യത്തിൽ യേശു പറയുന്നു: 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്,' ആ ദാരിദ്ര്യം തിരിച്ചറിയുന്നവർക്ക്, യേശുവിനെയാണ് വേണ്ടത്. യഥാർത്ഥത്തിൽ ഒരുവൻ ആത്മീയ ദാരിദ്ര്യം തിരിച്ചറിയുന്നത് ക്രിസ്തുവിലൂടെയാണ്. അത് കേവലം സ്വർഗ്ഗരാജ്യം നോക്കി യാത്രചെയ്യുന്നതിനല്ല. മറിച്ച്, ക്രിസ്തുവിനെ നേടേണ്ടതിനും തന്നോടൊപ്പം നിത്യതയിലായിരിക്കുന്നതിനും വേണ്ടിയാണ്. അതെ, ക്രിസ്തു എന്ന തലയോളം വളരേണം. ഞാനോ കുറയേണം അവനോ വളരേണം എന്ന ദാരിദ്ര്യ ബോധത്തോടുള്ള പ്രാർത്ഥന ഇതിനനിവാര്യമാണ്. ദൈവവിഷയമായി സമ്പന്നനാകേണം എന്നുള്ളതാണ് നമ്മെ ഓരോരുത്തരെയും കുറിച്ചുള്ള ദൈവീക പദ്ധതി.

'യേശുവേ പോലെ ആകുവാൻ,
യേശുവിൻ വാക്കു കാക്കുവാൻ,
യേശുവേ നോക്കി ജീവിപ്പാൻ,
ഇവയെ കാംക്ഷിക്കുന്നു ഞാൻ...'

ആത്മീയ ദാരിദ്ര്യത്തോടെയുള്ള പ്രാർത്ഥന ഈ ഈരടികളിൽ വ്യക്തമാണ്. ഇങ്ങനെ യേശുവിനെ കണ്ടിട്ട് ദാരിദ്ര്യം അനുഭവിക്കുന്നവരോട് യേശു പറയുന്നു, നിങ്ങൾ ഭാഗ്യവാന്മാരാണ്. നിങ്ങൾ ക്രിസ്തുയേശുവിൽ ദൈവത്താൽ അനുഗ്രഹീതരാണ്. അതെ, നിത്യതയുടെ തീരത്ത് ഇവിടെ നാം അനുഭവിക്കുന്ന ആത്മിക ദാരിദ്ര്യം എല്ലാം മാറും. അന്ന് നാം നമ്മുടെ കർത്താവിനെ മുഖാമുഖമായി കാണും. നാം അവനോടു കൂടെ വാഴും. ആയതിനാൽ, ആത്മിക ദാരിദ്ര്യം മാറുന്ന ഒരു ദിനം മുന്നിൽ കണ്ടുകൊണ്ടും, ആത്മിക ദാരിദ്ര്യം പരിപൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടും, കർത്താവിൽ സമ്പൂർണ്ണമായി ആശ്രയിച്ചുകൊണ്ടും, നമുക്ക് ഭൂമിയിൽ ശേഷിക്കുന്ന ആയുസ്സ് ജീവിക്കുവാൻ കഴിയണം. അതിനായി ഒരു തീവ്ര ആഗ്രഹം നമ്മിൽ ജനിപ്പിച്ചു ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ●



സുജ വിനു



# തൊട്ടുണർത്തപ്പെടുന്ന ഹൃദയം

**അ**പ്പോസ്തല പ്രവർത്തികൾ, പതിനാറാം അധ്യായം രണ്ട് സ്ത്രീകളിൽ, രണ്ട് വിധത്തിലുള്ള ആത്മവ്യാപാരത്തെ കാണിക്കുന്നു. ആദ്യ വായനയിൽ വ്യത്യസ്തങ്ങളായ രണ്ടു കാര്യങ്ങളായി വേർപെട്ടു നിൽക്കുന്നു എന്ന് തോന്നാമെങ്കിലും കുറച്ചുകൂടി ശ്രദ്ധിച്ച് മനസ്സിലാക്കുമ്പോൾ, കേവലം യാദൃശ്ചികമായി ചേർത്തുവച്ചതല്ല, ഈ രണ്ടു സംഭവങ്ങൾ എന്ന് തിരിച്ചറിയാൻ കഴിയും.

സ്വന്തമായി വ്യാപാരം നടത്തി ധനം സമ്പാദിക്കുന്ന ലുദിയ എന്ന ഒരുവളെക്കുറിച്ചാണ് ആദ്യ പരാമർശം. വലിയ ധനികർ ധരിക്കുന്ന രക്താംബരം വിൽക്കുന്നവളായിരുന്നു ലുദിയ. വളരെ മൂലധനം ആവശ്യമുള്ള ഒരു വാണിജ്യമായിരുന്നതിനാൽ അവൾ വളരെ ധനികയായിരുന്നു എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. പതിമൂന്നാം വാക്യത്തിൽ 'കർത്താവ് അവളുടെ ഹൃദയം തുറന്നു' എന്ന് എഴുതിയിരിക്കുന്നു. ദൈവവചനത്തിനു കാതുകൊടുക്കുവാൻ അവൾ മനസ്സുള്ളവളായിരുന്നതിനാൽ ധനമോഹം അവളെ കീഴ്പ്പെടുത്തിയിരുന്നില്ല എന്നത് എടുത്തു പറയേണ്ടുന്ന ഒരു ഗുണവിശേഷം തന്നെയാണ്. അവളും കുടുംബവും രക്ഷിക്കപ്പെട്ട് സ്നാനമേൽക്കുകയും അപ്പോസ്തലന്മാർക്കും ദൈവമക്കൾക്കും ആതിഥ്യമരുളുന്ന ക്രിസ്തുസാക്ഷ്യമുള്ള ജീവിതത്തിന് ഉടമകളാവുകയും ചെയ്യുന്നു. യഹൂദ പാരമ്പര്യ പ്രകാരം സമൂഹത്തിൽ പൊതുധാരയിൽ കടന്നുവരാൻ പാടില്ലാത്തവരാണ് സ്ത്രീകൾ. അങ്ങനെയൊരു പശ്ചാത്തലത്തിൽ വ്യാപാരം ചെയ്യുന്ന ധനാഢ്യയായ ഒരു സ്ത്രീയെ കുറിച്ചുള്ള ലോകവീക്ഷണം എന്തായിരിക്കാം? അതെന്തു തന്നെയായാലും വചനം അവളെ ദൈവഭക്തയെന്നു വിളിക്കുന്നു. 'കേൾക്കാൻ കാതുള്ളവർ കേൾക്കട്ടെ' എന്നത് നമുക്ക് പരിചിതമായൊരു സുവിശേഷാഹ്വാനമാണ്. 'ഇവിടെ ലുദിയ കേട്ടുകൊണ്ടിരുന്നു' എന്ന് എഴുതിയിരിക്കുന്നു.

തന്റെ കാതുകളെ, ബാഹ്യ ശ്രദ്ധാസ്രോതസ്സിനെ കർത്താവിന്റെ വചനത്തിലേക്ക് തിരിക്കാൻ തയ്യാറായപ്പോൾ, അവളുടെ ആന്തരികകാതുകളെ തുറക്കാൻ തയ്യാറാകുന്ന, കർത്താവിനെ നാം കാണുന്നു. സത്യ

**തന്റെ കാതുകളെ, ബാഹ്യ ശ്രദ്ധാസ്രോതസ്സിനെ കർത്താവിന്റെ വചനത്തിലേക്ക് തിരിക്കാൻ തയ്യാറായപ്പോൾ, അവളുടെ ആന്തരികകാതുകളെ തുറക്കാൻ തയ്യാറാകുന്ന, കർത്താവിനെ നാം കാണുന്നു.**

ത്തിനായുള്ള ലുദിയയുടെ ആഗ്രഹ തീഷ്ണതയെ മാനിക്കുന്നു യേശുകർത്താവ്; ഉച്ചവെയിലിലലഞ്ഞ് ശമരിയക്കാരിയെ തേടിപ്പോയ അതേ രക്ഷകൻ ഇവിടെ തന്റെ ശിഷ്യന്മാരെ അയക്കുന്നു. ശബ്ബത്തുനാളിൽ പ്രാർത്ഥനാലയം തേടിപോയവർ പുഴയരികിൽ, ഒരുകൂട്ടം സ്ത്രീകളോട് സുവിശേഷം പ്രസംഗിക്കുന്നു. രക്താംബരം വിൽക്കുന്ന ലുദിയായുടെ ഹൃദയം തുറക്കപ്പെടുന്നു.

ഹൃദയം എന്ന പദം, അതിന്റെ അർത്ഥം വളരെ പ്രസക്തമാണ് ഇവിടെ. നിങ്ങളുടെ നിക്ഷേപം എവിടെയോ, അവിടെയായിരിക്കും നിങ്ങളുടെ ഹൃദയമെന്നും, ഹൃദയത്തിൽ നിന്നാണ് സകല ദൂഷണവും പുറത്തുവരുന്നതെന്നും, ഹൃദയം ഏറ്റവും കാപട്യം നിറഞ്ഞതാണെന്നും, യേശു കർത്താവ് മനുഷ്യഹൃദങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ടല്ലോ. അതിലുമുപരി ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നാണ് വായ് സംസാരിക്കുന്നത്, അത് നന്മയായാലും തിന്മയായാലും.

ലോകപ്രകാരം ധനസമ്പാദന മാർഗ്ഗങ്ങളിൽ ഏർപ്പെടുമ്പോഴും, ലുദിയയുടെ ഹൃദയം അവളുടെ ലൗകിക നിക്ഷേപത്തിൽ ആയിരുന്നില്ല എന്ന് വ്യക്തമാണ്. ഒരു വ്യക്തിയുടെ ബാഹ്യ യാഥാർത്ഥ്യം എന്തായിരുന്നാലും, സമ്പന്നനെന്നോ ദരിദ്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ യഹൂദനെന്നോ വിജാതീയനെന്നോ വ്യത്യാസമില്ലാതെ ഹൃദയങ്ങളോട് ഇടപെടാൻ കഴിയുന്നവനാണ് കർത്താവ് എന്ന് പിന്നെയും ഉറപ്പായി വ്യക്തമാക്കുന്ന ഒരു സംഭവം കൂടിയാണിത്.

എന്നാൽ തൊട്ടു താഴെ വരുന്ന ഖണ്ഡികയിൽ നമ്മൾ കാണുന്നത് ഒരു ബാല്യക്കാരിയെയാണ്. ദുരാത്മാവിനാൽ ചില വെളിപ്പാടുകൾ പറയുന്ന ഒരു വെളിച്ചപ്പാടത്തി പെൺകുട്ടി. അവൾക്ക് ലഭിക്കുന്ന ദർശനങ്ങൾ മിഥ്യയല്ലതാനും. അപ്പോസ്തലന്മാരെക്കുറിച്ച് കുറിച്ച് 'ഈ മനുഷ്യർ പരമോന്നതനായ ദൈവത്തിന്റെ ദാസന്മാരാണ്, രക്ഷാമാർഗ്ഗം ഉപദേശിക്കുന്നവരെന്ന്' വിളിച്ചു പറയുമ്പോഴും ആ രക്ഷാമാർഗ്ഗം അന്വേഷിക്കണമെന്ന് അവളുടെ ഹൃദയം പറയുന്നില്ല. ഇവൾ ഇക്കാര്യം കുറെനാൾ തുടർന്നു. ഒടുവിൽ പൗലോസ് മുഷിഞ്ഞു അവളുടെ നേർക്ക് തിരിഞ്ഞു അവളിൽ ആവസിച്ചിരുന്ന ആത്മാവിനോട്, 'അവളിൽ നിന്ന് പുറത്തു പോകാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിന്നോട് കല്പിക്കുന്നു' എന്ന് പറഞ്ഞു. തൽക്ഷണം ആ ആത്മാവ് അവളെ വിട്ടുപോയി. തനിക്കും തന്റെ യജമാനന്മാർക്കും വേണ്ടി ധനം സമ്പാദിക്കണമെന്ന് അല്ലാതെ മറ്റൊന്നും അവളുടെ ഹൃദയം ആഗ്രഹിച്ചിരുന്നില്ല. അതായത് അവളുടെ ഹൃദയം ഈ ഭൂമിയിലെ നിക്ഷേപങ്ങളിലാണ്. ധനസമ്പാദനം ലക്ഷ്യമാക്കി ഇന്നും ഇത്തരത്തിലുള്ള പ്രവചനങ്ങൾ പറയുന്നവരിൽ വ്യാപരിക്കുന്ന ആത്മാവ് ഏതു എന്ന് വ്യക്തമായ സൂചന ഈ വേദഭാഗം നൽകുന്നു.

**ഒരു വ്യക്തിയുടെ ബാഹ്യയാഥാർത്ഥ്യം എന്തായിരുന്നാലും, സമ്പന്നനെന്നോ ദരിദ്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ യഹൂദനെന്നോ വിജാതീയനെന്നോ വ്യത്യാസമില്ലാതെ ഹൃദയങ്ങളോട് ഇടപെടാൻ കഴിയുന്നവനാണ് കർത്താവ് എന്ന് പിന്നെയും ഉറപ്പായി വ്യക്തമാക്കുന്ന ഒരു സംഭവം കൂടിയാണിത്.**

അതുകൊണ്ട്, സങ്കീർത്തനക്കാരൻ പറയും പോലെ നമ്മുടെ ഹൃദയങ്ങളെ ശോധന ചെയ്ത് വ്യസന കാരണമായത് നീക്കണമേ എന്ന് നമുക്കും പ്രാർത്ഥിക്കാം. ആത്മാവിന്റെ വെളിപ്പാടുകൾ ദൈവികസത്യങ്ങളിലേക്കുള്ള ഹൃദയതുറവിയാക്കപ്പെടുന്നതിന് വേണ്ടി ആഗ്രഹിക്കാം. യെഹെസ്‌ക്കേൽ പ്രവചനത്തിൽ, വീണ്ടും ജനനത്തെ സൂചിപ്പിക്കുമ്പോൾ 'കല്ലായുള്ള ഹൃദയം' മാറ്റി 'മാംസളമായ ഒരു പുതിയ ഹൃദയം' നൽകും എന്നാണ് വാഗ്ദത്തം ചെയ്യുന്നത്. ഹൃദയ ദൃഷ്ടി പ്രകാശിപ്പിച്ചിട്ട്, വിളിയെക്കുറിച്ചുള്ള ബോധ്യമുണ്ടാകട്ടെ എന്ന് പൗലോസ് അപ്പോസ്തലനും പ്രാർത്ഥിക്കുന്നല്ലോ.


നമ്മുടെ ഹൃദയം ദൈവത്തിനായി സമർപ്പിക്കപ്പെട്ടതും ദൈവത്താൽ തുറക്കപ്പെട്ടതുമാകട്ടെ. കർത്താവിന്റെ പാദാന്തികെ ഇരുന്നു ആ നല്ല അംശം പ്രാപിക്കുവാൻ നമ്മെയും കർത്താവു സഹായിക്കുമാറാകട്ടെ. ●

# ബൈബിളിന്റെ ചരിത്ര വഴികൾ

ബി.സി. 1600–400 വരെയുള്ള കാലയളവിൽ ഏകദേശം മുപ്പത് എഴുത്തുകാരാൽ എഴുതപ്പെട്ടതാണ് പഴയനിയമത്തിലെ 39 പുസ്തകങ്ങൾ. സങ്കീർത്തനങ്ങൾ ഒഴികെയുള്ള പുസ്തകങ്ങളുടെ രചയിതാക്കൾ മോശെ മുതൽ മലാഖി വരെ 23 പേരാണെന്ന് യഹൂദ പാരമ്പര്യപ്രകാരം കണക്കാക്കപ്പെട്ടിരിക്കുന്നു. എ.ഡി. 40–95 വരെ കാലഘട്ടത്തിൽ എട്ട് എഴുത്തുകാരാൽ എഴുതപ്പെട്ടതാണ് പുതിയനിയമത്തിലെ 27 പുസ്തകങ്ങൾ. ഈ മുപ്പത്തെട്ടോളം എഴുത്തുകാർ വിവിധ തുറകളിൽപ്പെട്ടവരാണ്.

ഇംഗ്ലീഷിലേക്ക് എ.ഡി.1382-ൽ തിരുവെഴുത്തുകൾ പരിഭാഷപ്പെടുത്തിത്തുടങ്ങിയ ജോൺ വിക്ലിഫ് 'ബൈബിൾ' എന്ന പേര് സ്വീകരിച്ചു. 'ബൈബിൾ' എന്ന ഇംഗ്ലീഷ് വാക്ക് 'ബിബ്ലിയ' എന്ന ഗ്രീക്കുവാക്കിൽനിന്നുമാണ് ഉണ്ടായത്. ഈ വാക്കിന് പുസ്തകങ്ങൾ എന്നാണർത്ഥം. യോഹന്നാൻ 21:25; 2 തിമൊഥെയൊസ് 4:13 എന്നീ ഭാഗങ്ങളിൽ പുസ്തകങ്ങൾ എന്ന വാക്കിന് ഗ്രീക്കിൽ 'ബിബ്ലിയ' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഏറ്റവും ആദ്യമായി പഴയനിയമ പുസ്തകങ്ങൾ തോൽച്ചുരുളുകളിലാണ് എഴുതിയിരുന്നത്.

പഴയനിയമം എബ്രായഭാഷയിലും പുതിയനിയമം ഗ്രീക്കുഭാഷയിലും എഴുതപ്പെട്ടു. എന്നാൽ പഴയനിയമത്തിലും പുതിയനിയമത്തിലും ചില ഭാഗങ്ങൾ അരാമ്യഭാഷയിലാണ് എഴുതപ്പെട്ടത്. പഴയനിയമത്തിലെ ചില വാക്യങ്ങൾ ഈജിപ്ഷ്യൻ-ബാബിലോന്യ-പേർഷ്യൻഭാഷകളിൽ എഴുതപ്പെട്ടിരുന്നു.




1947–48 വർഷങ്ങളിൽ യിസ്രായേലിലെ ചാവുകടൽതീരത്ത് മസാദാ മലമുകളിലെ 'കുമ്രാൻ' എന്ന സ്ഥലത്തുള്ള ചില ഗുഹകളിൽ നിന്നായി എബ്രായഭാഷയിൽ തോൽചുരുളുകളിൽ എഴുതിയിരുന്ന പഴയനിയമം മുഴുവനായും ലഭിക്കുകയുണ്ടായി. ഇതാണ് 'ചാവുകടൽ ചുരുളുകൾ' എന്നപേരിൽ അറിയപ്പെടുന്നത്.

മതമേധാവികളും രാഷ്ട്രീയ-ഭരണനേതൃത്വങ്ങളും ബൈബിളിനെ ഭൂമുഖത്തുനിന്നും നിർമ്മാർജ്ജനം ചെയ്യുവാൻ തീവ്രമായി പരിശ്രമിച്ചുവെങ്കിലും ഏറ്റവുമധികം സ്വാധീന ശക്തിയുള്ള ഗ്രന്ഥമായി ഈ പുസ്തകം ഇന്നും അത്ഭുതകരമായി നിലനിൽക്കുന്നു.

കാർഡിനൽ ഹ്യൂഗോ ആണ് എ.ഡി.1236 ൽ തിരുവെഴുത്തുകളെ അധ്യായങ്ങളായി അക്കമിട്ടത്. പിന്നീട് 1551 ൽ റോബർട്ട് സ്റ്റീഫൻസ് വാക്യങ്ങളായും അക്കമിട്ടു തിരിച്ചു. വേദഭാഗങ്ങൾ വേഗത്തിൽ കണ്ടുപിടിക്കുവാൻ ഈ ക്രമീകരണം വളരെ ഉപകാരമായി ഭവിച്ചു.

അനേകഭാഷകളിലും ലിപികൾ കണ്ടുപിടിച്ചതും അച്ചടിയന്ത്രം ഉണ്ടാക്കിയതും ബൈബിൾ അച്ചടിക്കേണ്ടതിനായിരുന്നു. മലയാളഭാഷയിലും ആദ്യമായി അച്ചുകൾ നിരത്തി അച്ചടിച്ചത് സുവിശേഷങ്ങളായിരുന്നു. 1811 ൽ ക്ലോഡിയസ് ബുക്കാനൻ സുവിശേഷങ്ങളും അപ്പൊസ്തലപ്രവൃത്തികളും പരിഭാഷപ്പെടുത്തി ബോംബെയിൽ അച്ചടിച്ചു. പിന്നീട് 1819-ൽ ബഞ്ചമിൻ ബെയ്‌ലി കോട്ടയത്തു, സ്വന്തം പ്രസ്സ് ഉണ്ടാക്കി പുതിയനിയമഭാഗങ്ങൾ പ്രിന്റുചെയ്തു. തന്റെ തുടർപരിശ്രമത്താൽ 1841-ൽ മുഴു മലയാളം ബൈബിളും അച്ചടിച്ചു. ഹെർമൻ ഗുണ്ടർട് തലശ്ശേരിയിൽ നിന്നും 1854-ൽ പുതിയനിയമത്തിന്റെ മലബാർ ശൈലിയിലുള്ള മറ്റൊരു തർജ്ജമ പ്രസിദ്ധീകരിച്ചു.

അങ്ങനെ ദൈവം തന്റെ അരുളപ്പാടുകൾ എഴുതിക്കുകയും നമ്മുടെ സ്വന്തഭാഷയിലേക്ക് വിവർത്തനം ചെയ്യിപ്പിച്ച്, അച്ചടിപ്പിച്ച് പുസ്തകരൂപത്തിൽ നമ്മെ ഏൽപിക്കുകയും ചെയ്തിരിക്കുന്നു. ആദരവോടെ നാം അതുവാങ്ങി പഠിച്ച് ഗ്രഹിച്ച് അനുസരിച്ച് അനുഭവമാക്കി നിത്യതയ്ക്കായി ഒരുങ്ങുമോ?



## മത്തായിയുടെ സുവിശേഷ ത്തിലെആത്മിക മർമ്മങ്ങൾ

ജോയ് എം. തോമസ്

# തെരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം

*'യേശു പിന്നെയും അവരോട് ഉപമകളായി പ്രസ്താവിച്ചത് എന്തെന്നാൽ: സ്വർഗ്ഗരാജ്യം തന്റെ പുത്രനുവേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോട് സദൃശ്യം. അവൻ കല്യാണത്തിന് ക്ഷണിച്ചവരെ വിളിക്കേണ്ടതിന് ദാസന്മാരെ പറഞ്ഞയച്ചു, അവർക്കോ വരുവാൻ മനസ്സായില്ല. പിന്നെയും അവൻ മറ്റു ദാസന്മാരെ അയച്ചു: എന്റെ മുത്താഴം ഒരുക്കിത്തീർത്തു, എന്റെ കാളകളെയും തടിപ്പിച്ച മൃഗങ്ങളെയും അറുത്തു, എല്ലാം ഒരുങ്ങിയിരിക്കുന്നു, കല്യാണത്തിന് വരുവിൻ എന്ന് ക്ഷണിച്ചവരോട് പറയിച്ചു. അവർ അത് കൂട്ടാക്കാതെ ഒരുത്തൻ തന്റെ നിലത്തിലേക്കും മറ്റൊരുത്തൻ തന്റെ വ്യാപാരത്തിനും പൊയ്ക്കളഞ്ഞു. ശേഷമുള്ളവർ അവന്റെ ദാസന്മാരെ പിടിച്ച് അപമാനിച്ച് കൊന്നുകളഞ്ഞു. രാജാവ് കോപിച്ചു സൈന്യങ്ങളെ അയച്ച് ആ കൊലപാതകന്മാരെ മുടിച്ച് അവരുടെ പട്ടണം ചുട്ടുകളഞ്ഞു. പിന്നെ അവൻ ദാസന്മാരോട്: കല്യാണം ഒരുങ്ങിയിരിക്കുന്നു, ക്ഷണിക്കപ്പെട്ടവരോ യോഗ്യരായില്ല. ആകയാൽ വഴിത്തലയ്ക്കൽ ചെന്ന് കാണുന്നവരെ ഒക്കെയും കല്യാണത്തിന് വിളിപ്പിൻ എന്നു പറഞ്ഞു. ആ ദാസന്മാർ പെരുവഴികളിൽ പോയി, കണ്ട ദുഷ്ടന്മാരെയും നല്ലവരെയും എല്ലാം കൂട്ടിക്കൊണ്ടുവന്നു : കല്യാണശാല വിരുന്നുകാരെ കൊണ്ട് നിറഞ്ഞു. വിരുന്നുകാരെ നോക്കുവാൻ രാജാവ് അകത്തു വന്നപ്പോൾ കല്യാണവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ അവിടെ കണ്ടു. സ്നേഹിതാ, നീ കല്യാണ വസ്ത്രം ഇല്ലാതെ ഇവിടെ അകത്തുവന്നത് എങ്ങനെ എന്ന് ചോദിച്ചു. എന്നാൽ അവന് വാക്ക് മുട്ടിപ്പോയി. രാജാവ് ശുശ്രൂഷക്കാരോട്, ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്ന് പറഞ്ഞു. വിളിക്കപ്പെട്ടവർ അനേകർ തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം' (മത്തായി22 :1 14).*

സ്വർഗ്ഗരാജ്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യത കർത്താവ് ഒരു ഉപമയിലൂടെ വ്യക്തമാക്കുന്നതാണ് നമ്മുടെ വേദഭാഗത്തുള്ളത്. തന്റെ പുത്രനുവേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോട് സ്വർഗ്ഗരാജ്യത്തെ സദൃശ്യപ്പെടുത്തിയിരിക്കുന്നു. ഈ രാജാവ് ദൈവത്തെ പ്രതിനിധീകരിക്കുന്നു. രാജാവ് തന്റെ പുത്രന്റെ വിവാഹം മുൻകൂട്ടി നിശ്ചയിക്കുകയും, വിവാഹവിരുന്നിലേക്ക് അതിഥി

കളെ ക്ഷണിക്കുകയും ചെയ്തു. വിവാഹവിരുന്ന് ആനന്ദത്തിന്റെയും സംതൃപ്തിയുടെയും ബന്ധങ്ങളുടെ ഊഷ്മളതയുടെയും ഒരു കുടുംബത്തിന്റെ തുടക്കത്തിന്റെയും ഒക്കെ പ്രതീകമാണ്. ഈ ആക്ഷരിക അനുഭവം സ്വർഗ്ഗരാജ്യത്തിന്റെ ആത്മീയ അനുഭവത്തിന് നിഴലായിരിക്കുന്നു.

സ്വർഗ്ഗരാജ്യം എന്നത് ലോകസ്ഥാപനത്തിന് മുമ്പേയുള്ള ദൈവീക പദ്ധതിയാണ്. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നവർ അവിടുത്തെ മുന്നറിവിലുണ്ട്. സ്വർഗ്ഗരാജ്യം അഥവാ ദൈവരാജ്യത്തിലേക്കുള്ള ക്ഷണം ദൈവം മനുഷ്യന്റെ ആരംഭം മുതൽ തന്നെ അവനു നൽകിയിരുന്നതാണ്. ആദമിനും ഹവ്വയ്ക്കും ദൈവം കൽപ്പന നൽകിയത്, അനുസരണത്തിലൂടെ ദൈവത്തെ അവരുടെ രാജാവായി തിരഞ്ഞെടുത്ത് സ്വമനസ്സാൽ അവിടുത്തോട് വിധേയപ്പെട്ട് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാനും ആ സ്വർഗ്ഗരാജ്യം ഭൂമിയിൽ സ്ഥാപിക്കുവാനും ആയിരുന്നു .

മനുഷ്യന്റെ അനുസരണക്കേട് അവനെ പാപത്തിലേക്ക് വീഴ്ത്തുകയും പിശാചിന്റെ അടിമയാക്കുകയും ചെയ്തു. ഈ ലോകത്തിന്റെ ദൈവമായി പിശാച് സ്വയം പ്രഖ്യാപിച്ചുകൊണ്ട് മനുഷ്യന്റെ മേൽ അവന്റെ ആധിപത്യം അടിച്ചേൽപ്പിച്ചു . വീണുപോയ മനുഷ്യനെ ഉദ്ധരിക്കുവാൻ ലോകസ്ഥാപനത്തിന് മുമ്പുതന്നെയുള്ള ദൈവത്തിന്റെ പദ്ധതിയാണ് ദൈവപുത്രനായ യേശുക്രിസ്തുവിൽ കൂടിയുള്ള മനുഷ്യന്റെ വീണ്ടെടുപ്പ്. ദൈവം തന്റെ പദ്ധതിയുടെ ഭാഗമായി ഒരു ജനതയെ തിരഞ്ഞെടുത്തു 'ഇസ്രായേൽ' വിവാഹവിരുന്നിനു ക്ഷണം ലഭിച്ചിരുന്ന ഭാഗ്യശാലികൾ!

എന്നാൽ എന്താണ് സംഭവിച്ചത്? ഈ ജനത രാജാവിനെ ധിക്കരിക്കുന്നവരും നന്ദികെട്ടവരും മത്സരികളുമായിത്തീർന്നു. അവരുടെ ഭോഷത്വത്തിന്റെ വ്യാപ്തി അവർ മനസ്സിലാക്കിയില്ല. എത്ര കഷ്ടം! രാജാവ് തന്റെ ദാസന്മാരെ അയച്ച് ക്ഷണിക്കപ്പെട്ടവരോട് വിരുന്നുസദ്യക്ക് വരുവാൻ വിളിച്ചപ്പോൾ അവർക്ക് ആർക്കും വരുവാൻ മനസ്സില്ലായിരുന്നു. രാജാവ് വീണ്ടും ദാസന്മാരെ അയച്ച് അവരോട് പറഞ്ഞു:'എന്റെ മുത്താഴം (വിരുന്ന് ) ഒരുക്കിത്തീർത്തു. എന്നിട്ട് കാളകളെയും തടിപ്പിച്ച കൊഴുത്ത മൃഗങ്ങളെയും അറുത്ത്, എല്ലാം ഒരുങ്ങിയിരിക്കുന്നു'. കല്യാണത്തിന് വരുവിൻ എന്ന് പറഞ്ഞു. എങ്കിലും ആർക്കും വിരുന്നിനു വരുവാൻ മനസ്സിലായിരുന്നു. രാജാവിന്റെ സന്തോഷത്തെ അവർ തിരസ്കരിച്ചു. രാജാവ് മുടക്കിയ വിലയെ, ചെയ്ത പ്രയത്നങ്ങളെ, രാജാവിന്റെ ക്ഷണത്തെ, എല്ലാം അവർ അവഗണിച്ചു. അവർ നന്ദികെട്ടവരും നിഷ്ഠൂരന്മാരും മത്സരികളുമായി. ശരിക്കും ഇസ്രായേലിനു സംഭവിച്ച ആത്മീയ അധഃപതനമാണ് ഇവിടെ വിവക്ഷിച്ചിരിക്കുന്നത്.

ഓരോരുത്തർക്കും ഓരോ കാരണങ്ങൾ പറയുവാൻ ഉണ്ടായിരുന്നു, അഥവാ അവരുടെ മുൻഗണന അവയ്ക്കായിരുന്നു. ഒരുത്തൻ തന്റെ നിലത്തിലേക്ക് പോയി. അവന്റെ കൃഷിയും വരുമാനവും ആയിരുന്നു അവനു ഏറ്റവും വലുത്. മറ്റൊരുത്തൻ തന്റെ വ്യാപാരത്തിന് പോയി. അവരുടെ ബിസിനസും വരുമാനവും ആയിരുന്നു അവർക്കു ഏറ്റവും വലുതായി തോന്നിയത്. ശേഷമുള്ളവർ രാജാവിന്റെ ദാസന്മാരെ അപമാനിച്ചു കൊന്നുകളഞ്ഞു. രാജഭക്തി ഇല്ലാത്തവരും രാജാവിന്റെ കോപത്തിന്റെ ഭയാനകത്വംഗ്രഹിക്കാതെയും ഇരുന്ന ഭോഷന്മാർ! രാജാവ് കോപിച്ച് സൈന്യത്തെ അയച്ച് ആ കൊലപാതകന്മാരോട് പ്രതികാരം ചെയ്തു, അവരെ കൊന്നു അവരുടെ പട്ടണങ്ങളെയും നശിപ്പിച്ചു.

യഹൂദാജനം തങ്ങളുടെ രാജാവായ ദൈവത്തോട് നന്ദികേടും അവിശ്വാസവും നിമിത്തം കഠിനഹൃദയമുള്ളവരായി മാറി. ദൈവത്തിന്റെ അധികാരത്തിന് കീഴടങ്ങുവാൻ കഴിയാതെ അഹങ്കാരികളായി, അനുസരണം കെട്ടവരായിത്തീർന്നു. മത്സരികളായ ഇവർ ദൈവകോപത്തിന് പാത്രരായിരിക്കുന്നു. അവരുടെ അടുക്കലേക്ക് അയച്ച പ്രവാചകന്മാരെ അവർ ഗണ്യമാക്കിയില്ല . അവരെ ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്തു. പലപ്പോഴും ദൈവത്തിന്റെ കോപം അവരുടെ മേൽ ജ്വലിക്കുകയും, ദൈവം അവരെ അവരുടെ ശത്രുക്കളുടെ കയ്യിൽ ഏൽപ്പിക്കുകയും ചെയ്തു. എങ്കിലും ഒരു ജനതയായി മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് മടങ്ങിവരുവാൻ അവർക്ക് കഴിഞ്ഞില്ല. സ്വർഗ്ഗരാജ്യത്തിനുഅവർ തങ്ങളെത്തന്നെ അന്യരാക്കുകയായിരുന്നു.

ക്ഷണിക്കപ്പെട്ടവർ വന്നില്ല എന്നതുകൊണ്ട് രാജപുത്രന്റെ കല്യാണസദ്യ നടക്കാതെ പോയില്ല. രാജാവ് മുടക്കിയ വില വ്യർത്ഥമാകയുമില്ല. 'വഴിത്തലയ്ക്കൽ (വഴിക്കവലകൾ അഥവാ - Street corners) ചെന്ന് കാണുന്നവരെ ഒക്കെയും' വിരുന്നിനു വിളിക്കുവാൻ രാജാവ് ദാസന്മാരോട് കൽപ്പിച്ചു. ദാസന്മാർ പുറപ്പെട്ടു പോയി, കണ്ട ദുഷ്ടന്മാരെയും നല്ലവരെയും

എല്ലാം വിരുന്നുശാലയിലേക്ക് കൂട്ടിക്കൊണ്ടുവന്നു. വിരുന്നുശാല അതിഥികളെ കൊണ്ട് നിറഞ്ഞു. 'ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതികൾക്ക് കൊടുക്കും' എന്ന് കർത്താവ് മുമ്പ് പറഞ്ഞതിന് (മത്തായി21:43) ഇത് ദൃഷ്ടാന്തം ആയിരിക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തു (മശിഹ), യഹൂദനു ദൈവം നൽകിയ വാഗ്ദാനം ആയിരുന്നു. എന്നാൽ ക്രിസ്തുവിനെ തിരിച്ചറിഞ്ഞ്, വിശ്വസിക്കുവാൻ, രാജാവായി സ്വീകരിക്കുവാൻ, അവർക്ക് കഴിഞ്ഞില്ല. ക്രിസ്തുവിലൂടെ ഒരുക്കിയ സ്വർഗ്ഗരാജ്യം അവർക്ക് പ്രാപിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ ദൈവം തന്റെ കൃപയാൽ ജാതികളെ അതിലേക്ക് നടത്തി.

വിരുന്നുശാലയിൽ എത്തിയവർക്കെല്ലാം വിരുന്ന് അനുഭവിക്കുവാൻ കഴിയുകയില്ല. രാജാവ് നിരീക്ഷണം നടത്തി അംഗീകാരം ലഭിച്ചവർക്ക് മാത്രമേ വിരുന്ന് അനുഭവിക്കുവാൻ കഴിയൂ. അംഗീകാരം ലഭിക്കാത്തവർ, പുറത്ത് ശിക്ഷാവിധിയിലകപ്പെടും. ഇത് രാജാവിന്റെ വിരുന്നുശാലയാണ്. അവിടെ ചില മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം. എന്താണ് ആ മാനദണ്ഡങ്ങൾ? കല്യാണവസ്ത്രം ധരിച്ചിരിക്കണം! യാതൊരു യോഗ്യതയും നോക്കാതെ ക്ഷണം കൊടുത്തു എങ്കിലും വിരുന്നുശാലയിൽ വിരുന്നനുഭവിക്കുവാൻ അവരെ യോഗ്യരാക്കുന്ന, രാജാവ് സൗജന്യമായി കൊടുക്കുന്ന, കല്യാണവസ്ത്രം കരസ്ഥമാക്കണം, ധരിക്കണം. അങ്ങനെ യോഗ്യന്മാരായവർക്ക് മാത്രമേ രാജാവിന്റെ അതിഥികളായി അകത്തിരിക്കുവാൻ കഴിയൂ. വിരുന്നിന് ക്ഷണം എല്ലാവർക്കും ഉണ്ട്. എന്നാൽ തെരഞ്ഞെടുക്കപ്പെടുന്നവർ ( കല്യാണ വസ്ത്രം ധരിച്ചവർ) മാത്രമേ വിരുന്ന് അനുഭവിക്കുകയുള്ളൂ.

സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ വിളിയുള്ളവർ അതായത് വിളി സ്വീകരിച്ചവർ അനേകർ. എന്നാൽ സ്വർഗ്ഗരാജ്യത്തിന്റെ പ്രവേശന മാനദണ്ഡം പാലിച്ചവർ (തെരഞ്ഞെടുക്കപ്പെട്ടവർ) ചുരുക്കം! ഇത് നാം ഗൗരവമായി കാണേണ്ടതാണ്. സ്വർഗ്ഗരാജ്യം കാണണമെങ്കിൽ അതിൽ പ്രവേശിക്കണമെങ്കിൽ വീണ്ടും ജനനത്താൽ ദൈവമക്കൾ ആകുക. (യോഹന്നാൻ 1:12, 3:3, 5) എന്നത് അടിസ്ഥാനയോഗ്യതയും. 'നമുക്ക് ദൈവത്തിൽ നിന്ന് ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പും ആയിരിക്കുന്ന' (1 കൊരിന്ത്യർ 1:30) യേശുവിനെ ധരിച്ച് ക്രിസ്തുവിൽ

## കല്യാണവസ്ത്രം ധരിച്ചവർ, ക്രിസ്തുവിലായിരിക്കുന്നവർ മാത്രമാണ് എടുത്തു കൊള്ളപ്പെടുക.

ആയിരിക്കുക എന്നത് നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ്. 'ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല'(റോമർ 8:1).

വിശ്വാസിയായി അഥവാ ക്രിസ്ത്യാനിയായി അറിയപ്പെട്ടത് കൊണ്ടു മാത്രം, ക്രിസ്തു രാജാവായി വരുമ്പോൾ തന്നോട് കൂടെ എടുത്തു കൊള്ളപ്പെടുകയില്ല. കല്യാണവസ്ത്രം ധരിച്ചവർ, ക്രിസ്തുവിലായിരിക്കുന്നവർ മാത്രമാണ് എടുത്തു കൊള്ളപ്പെടുക. ക്രിസ്തുവിന്റെ വരവിൽ എടുത്തു കൊള്ളപ്പെടുന്നവർ മാത്രമാണ് തിരഞ്ഞെടുക്കപ്പെട്ടവർ . ക്രിസ്തുവിൽ കൂടിയുള്ള രക്ഷയ്ക്കായുള്ള വിളി ദൈവം സകല മനുഷ്യർക്കും നൽകിയിരിക്കുന്നു. ആ വിളി സ്വീകരിച്ചവർ എല്ലാം വിരുന്നുശാലയായ സഭയിലെത്തുന്നു. എന്നാൽ കല്യാണവസ്ത്രം ധരിച്ചവരെ പോലെ ക്രിസ്തുവിനെ ധരിച്ച് ക്രിസ്തുവിലായിരിക്കുന്നവർ എല്ലാം ദൈവരാജ്യത്തിന്റെ അനുഭവം പ്രാപിക്കുന്നു. നീതിയും സമാധാനവും പരിശുദ്ധാത്മാവിലെ സന്തോഷവുമാണ് അവരുടെ ആത്മീയ അനുഭവം (റോമർ14:17). കിസ്തുവിലായിരിക്കുന്നവർ പരിശുദ്ധാത്മാവിനെ അനുസരിച്ച് നടക്കുന്നവരും (റോമർ 8:4,14) ആത്മസ്വഭാവം ഉള്ളവരും (റോമർ8:9) ആയിരിക്കും. അവർ ദൈവേഷ്ടം ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കുന്നവരും 'ദൈവമക്കൾ' എന്ന സാക്ഷ്യം ദൈവത്തിന്റെ ആത്മാവിൽ നിന്ന് പ്രാപിച്ച് നിശ്ചയം ഉള്ളവരും ആണ് ( റോമർ8:8,15,16). ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളായ അവർ ക്രിസ്തുവിനോടുകൂടെ തേജസ്കരിക്കപ്പെടുന്നതിന്,ക്രിസ്തുവി നോടുകൂടെ കഷ്ടം സഹിക്കുവാൻ സമർപ്പിതരുമാണ് (റോമർ 8:11). ഈ ലോകത്തിലെ കഷ്ടങ്ങൾ ലഘു എന്നും,സാരമില്ല എന്നും എണ്ണി, വെളിപ്പെടുവാൻ പോകുന്ന തേജസ്സിനായി അവർ കാത്തിരിക്കുന്നു ( റോമർ8:18). അവരാണ് യഥാർത്ഥത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ, അവർ ചുരുക്കം മാത്രം ആയിരിക്കും! •

ഞാൻ അവനെ കൊന്നാൽ നിങ്ങൾ ഫെലിസ്ത്യരുടെ അടിമകൾ'.

അങ്കംവിളി എപ്പോഴും മരണത്തിലേക്കുള്ള വിളിയാണ്. മരണത്തെ പേടിക്കുന്നവന് – ജീവനിൽ കൊതിയുള്ളവന് - താഴ്‌വരയുടെ ഇപ്പുറത്ത് കഴിയാം. പഴയ യിസ്രായേലിനും യഥാർത്ഥ യുദ്ധം യോർദാൻ കടന്നുചെല്ലുന്നവർക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ യോർദാൻ മുറിച്ചു കടന്ന് കനാന്യരെ ആക്രമിച്ചു കീഴടക്കാൻ അന്ന് അവർക്കൊരു നേതാവുണ്ടായിരുന്നു – യോശുവ (ആവർത്തനം 31: 2,3). എന്നാലിവിടെ ഫെലിസ്ത്യന്റെ വെല്ലുവിളികേട്ട് താഴ്‌വര മുറിച്ചുകടക്കാൻ ആരുമില്ല! "ഫെലിസ്ത്യന്റെ ഈ വാക്കുകൾ കേട്ടപ്പോൾ ശൗലും എല്ലാ യിസ്രായേല്യരും ഭ്രമിച്ച് ഏറ്റവും ഭയപ്പെട്ടു" (1 ശമുവേൽ 17: 11).

ശൗലിന്റെ പടക്കൂട്ടത്തിൽ ധീരനായ ഒരു പോരാളിയുണ്ടായിരുന്നു– യോനാഥാൻ! അവൻ ജീവനെ പണയംവെച്ച് പോരാടുന്നവനായിരുന്നു. ഇപ്പോൾ അവനെയും കാണുന്നില്ല. ഒരുപക്ഷെ ശൗൽ തന്റെ മകനെ അടക്കിവെച്ചിരിക്കുകയാകാം. ശൗലിന്റെ മകനായ യോനാഥാന്റെ ധീരത, മറ്റൊരു സന്ദർഭത്തിൽ, നാം പതിനാലാം അധ്യായത്തിൽ കാണുന്നുണ്ട്. അവൻ ആക്രമണോത്സുകനായ ഒരു പടയാളിയായിരുന്നു. "അവൻ തന്റെ ആയുധവാഹകനോടു പറയുന്നത്: വരിക, നാം അങ്ങോട്ട് ഫെലിസ്ത്യരുടെ പട്ടാളത്തിനു നേരെ ചെല്ലുക'' (1 ശമൂവേൽ 14:1) എന്നാണ്. "യോനാഥാൻ തന്റെ ആയുധവാഹകനായ ബാല്യക്കാരനോട്: വരിക, നമുക്ക് ഈ അഗ്രചർമികളുടെ പട്ടാളത്തിന്റെ നേരെ ചെല്ലാം. പക്ഷെ, യഹോവ നമുക്കുവേണ്ടി പ്രവർത്തിക്കും. അധികം കൊണ്ടോ, അല്പം കൊണ്ടോ രക്ഷിപ്പാൻ യഹോവയ്ക്ക് പ്രയാസമില്ലല്ലോ എന്നു പറഞ്ഞു" (1 ശമൂവേൽ 14: 6). ധീരതയോടെ– മരണഭയമില്ലാതെ ഫെലിസ്ത്യപട്ടാളത്തിന്റെ നടുവിലേക്ക് ഒറ്റയ്ക്ക് കയറിപ്പോയ യോനാഥാനോടുകൂടെ യഹോവയുണ്ടായിരുന്നു... അങ്ങനെ യഹോവ അന്ന് യിസ്രായേലിനെ രക്ഷിച്ചു (1 ശമൂവേൽ 14: 23).

ഫെലിസ്ത്യ മല്ലനായ ഗോല്യാത്ത് യിസ്രായേൽ നിരകളെ വെല്ലുവിളിച്ചപ്പോൾ (ഒന്നും രണ്ടുമല്ല നാൽപതു ദിവസം രാവിലെയും വൈകിട്ടും – 80 തവണയാണ് അവൻ വെല്ലുവിളി നടത്തിയത് (1 ശമുവേൽ 17: 16). എന്തുകൊണ്ട് ശൗൽ ഉൾപ്പെടെയുള്ള ഒരു യിസ്രായേല്യനും ഗോല്യാത്തിനോട് എതിർക്കാൻ ധൈര്യം കാണിച്ചില്ല? എന്തുകൊണ്ടാണ് അവനെ കാണുമ്പോൾ തന്നെ യിസ്രായേല്യർ ഏറ്റവും ഭയപ്പെട്ട് ഓടിപ്പോകുന്നത്? (1 ശമുവേൽ 17: 24).

ഒന്നാമത്, ശത്രുവിന്റെ വലിപ്പം! ആറുമുഴത്തിലേറെ നീളവും – ഒൻപത് അടി– അതിനൊത്ത മസിൽ പെരുക്കവും ഉള്ള ഗോല്യാത്തിന്റെ ശരീരവർണ്ണന (1 ശമുവേൽ 17: 4–7)കേട്ടാൽ ത്തന്നെ സാധാരണക്കാരനു പേടിയാകും. എന്നാൽ നാം സാധാരണക്കാരല്ല എന്നോർക്കണം.

യിസ്രായേലിനെ പേടിപ്പിക്കാൻ ഫെലിസ്ത്യർ ഗോല്യാത്തിനെപ്പോലെ മല്ലനെ പറഞ്ഞുവിട്ടെന്നിരിക്കും. എന്നാൽ നാം പേടിക്കേണ്ടതില്ല. കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "മിസ്രയീമ്യർ ദൈവമല്ല, മനുഷ്യരത്രെ; അവരുടെ കുതിരകൾ ആത്മാവല്ല, ജഡമത്രെ" (യെശയ്യാവ് 31: 3). ഈ ബോധ്യം എല്ലായ്പ്പോഴും നമുക്കുണ്ടാകണം. ശത്രുവിനെ വലുതായി കാണുന്നതുപോലെതന്നെ അപകടകരമാണ് നമ്മെ ചെറുതായി കാണുന്നതും. നാം ആരാണെന്ന തിരിച്ചറിവില്ലാത്തതിനാലാണ് ശത്രുവിനെ കാണുമ്പോൾ നാം വിറളിപിടിക്കുന്നത്... ഗോല്യാത്ത് യിസ്രായേലിനെക്കുറിച്ചു പറയുന്നത് ശ്രദ്ധിക്കുക: "ഞാൻ ഫെലിസ്ത്യനും നിങ്ങൾ ശൗലിന്റെ ചേവകരും (അടിമകളും) അല്ലയോ?" (1 ശമുവേൽ 17: 8).

ഗോല്യാത്ത് ഫെലിസ്ത്യനാണെന്ന് അവൻ അഭിമാനത്തോടെ പറയുന്നു. അവന്റെ എതിരാളികളെ അവൻ വിളിക്കുന്നത് 'യിസ്രായേല്യർ' എന്നല്ല, 'ശൗലിന്റെ അടിമകൾ' എന്നാണ്. 'യിസ്രായേല്യർ' എന്നാൽ 'ദൈവത്തിന്റെ പ്രഭു'വാണ്. ഗോല്യാത്തിന്റെ തന്ത്രം നോക്കൂ. അവൻ ഫെലിസ്ത്യനാണെന്ന് അവൻ പറഞ്ഞു. നിങ്ങളോ? നിങ്ങളുടെ ഐഡന്റിറ്റി എന്താണ്? ഭീരുവായ ഒരു രാജാവിന്റെ അടിമകൾ.

എന്നെ അത്ഭുതപ്പെടുത്തുന്ന കാര്യം, ഇതുകേട്ടിട്ട് ഒരാളും പറയുന്നില്ല: 'അല്ല ഗോല്യാത്തേ, ഞങ്ങൾ ശൗലിന്റെ അടിമകളല്ല, ഞങ്ങൾ ദൈവത്തിന്റെ പ്രഭുക്കന്മാരാണ്' എന്ന് ഒരു ശബ്ദവും കേട്ടില്ല. യിശായി പുത്രനായ അഭിഷിക്തനായ ദാവീദ് വരേണ്ടിവന്നു അങ്ങനെയൊന്നു പറയാൻ... ദാവീദ് പറയുന്നതു കേൾക്കുക: "ജീവനുള്ള ദൈവത്തിന്റെ സേനകളെ നിന്ദിപ്പാൻ

ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ആർ?" (1 ശമുവേൽ 17: 26).

നാം ശത്രുവിനെ എങ്ങനെ കാണുന്നു എന്നതുപോലെ തന്നെ പ്രധാനമാണ് നാം നമ്മെത്തന്നെ എങ്ങനെ മനസ്സിലാക്കുന്നുവെന്നത്. നാം നമ്മെ കത്തോലിക്കനും ആംഗ്ലിക്കനും മാർത്തോമ്മായും പെന്തെക്കോസ്തും ഐപിസിയും എജിയും ശാരോനും ഒക്കെയായി കാണുമ്പോൾ നമ്മൾ 'ശൗലിന്റെ ചേവകന്മാരാണ്'. സഭാവിശ്വാസികളിൽ സംഘടനാവിഷം കുത്തിവയ്ക്കുന്ന നേതാക്കന്മാരേ നിങ്ങൾക്ക് അയ്യോ കഷ്ടം! ഗോല്യാത്ത് കൊലവിളി മുഴക്കി മുന്നിൽ നിൽക്കുമ്പോൾ സംഘടനയ്ക്ക് പണം പിരിക്കാനും പക്ഷം പിടിക്കാനും നാണമില്ലേ നിങ്ങൾക്ക്? ജനങ്ങളോടു പറയൂ: "നാം ദൈവത്തിന്റെ സേനയാണ്. ഫെലിസ്ത്യ മല്ലനെ ഭയപ്പെടേണ്ട. ദൈവം നമ്മോടുകൂടെയുണ്ട്. ഇറങ്ങിച്ചെല്ലുക, ശത്രുവിന്റെ കോട്ടകളെ ഇടിച്ചുകളക, യേശുവിനുവേണ്ടി, യേശുവിനോടുകൂടെ പോരാടുക. ശത്രുവിനെ തകർത്ത് അവന്റെ അതിർത്തി കടന്ന് ദൈവത്തിനുവേണ്ടി അവന്റെ നാമത്തിന്റെ മഹത്വത്തിനായി ജാതികളെ അവകാശമാക്കുക".

നാം സംഘടനയുടെ ചേവകരല്ല; നേതാക്കന്മാരുടെ അടിമകളല്ല... ജീവനുള്ള ദൈവത്തിന്റെ സേന. എവിടെയാണ് നാം നമ്മുടെ ഐഡന്റിറ്റി കണ്ടെത്തുന്നത് എന്നതാണു ചോദ്യം. സംഘടനയുടെ ഭാഗമായാണു നിങ്ങൾ നിങ്ങളെത്തന്നെ കാണുന്നതെങ്കിൽ ഫെലിസ്ത്യ മല്ലനെ കാണുമ്പോൾ നിങ്ങൾ ഓടും - ശൗൽ ഓടും (1 ശമുവേൽ 17:24). എന്നാൽ ജീവനുള്ള ദൈവത്തിന്റെ സേനയാണു നിങ്ങളെങ്കിൽ അവന്റെ നേരെ പാഞ്ഞുചെല്ലും (1 ശമുവേൽ 17:48).

സഭ ദൈവത്തിന്റേതാണ്. കർത്താവു പറയുന്നു: "ഞാൻ എന്റെ സഭയെ പണിയും" (മത്തായി 16:18). സഭ കർത്താവിന്റേതാണ്; അത് പണിയുന്നത് അവനാണ്... പണിയും എന്നാൽ സൂക്ഷിക്കും എന്നു മാത്രമല്ല അർഥം– വിസ്തൃതമാക്കും എന്നുമാണ്. ഫെലിസ്ത്യ മല്ലന് –പിശാചിന് ദൈവസഭയുടെ വിസ്തൃതിയെ തടഞ്ഞു നിർത്താനാവില്ല.

നാം ദൈവത്തിന്റെ സേനയാണെന്നു തിരിച്ചറിയുമ്പോൾ പിന്നെ മല്ലൻ മല്ലനല്ല... നായ്ക്കുട്ടി മാത്രം. പ്രതിസന്ധികളെ വലുതായി കാണുന്നത് നാം ആരാണെന്ന് നമുക്കറിയാത്തതുകൊണ്ടാണ്. ജീവനുള്ള ദൈവത്തിന്റെ സേനയല്ലേ നാം?...

**ജനങ്ങളോടു പറയൂ: "നാം ദൈവത്തിന്റെ സേനയാണ്. ഫെലിസ്ത്യ മല്ലനെ ഭയപ്പെടേണ്ട. ദൈവം നമ്മോടു കൂടെയുണ്ട്. ഇറങ്ങിച്ചെല്ലുക, ശത്രുവിന്റെ കോട്ടകളെ ഇടിച്ചു കളക, യേശുവിനുവേണ്ടി, യേശുവിനോടുകൂടെ പോരാടുക. ശത്രുവിനെ തകർത്ത് അവന്റെ അതിർത്തി കടന്ന് ദൈവത്തിനുവേണ്ടി അവന്റെ നാമത്തിന്റെ മഹത്വത്തിനായി ജാതികളെ അവകാശമാക്കുക".**

പിന്നെ മനം കലങ്ങുന്നതെന്ത്? "ഒരു വലിയ പ്രശ്നം മുന്നിൽ വന്നുനിൽക്കുമ്പോൾ 'ദൈവമേ, എനിക്കു വലിയൊരു പ്രശ്നമുണ്ട്' എന്നു പറയുന്നതിനേക്കാൾ നല്ലത്, പ്രശ്നത്തോട് 'പ്രശ്നമേ, എനിക്കൊരു മാഹാനായ ദൈവമുണ്ട്' എന്നു പറയുന്നതാണ്. (It is good to say to God: "God, I have a big problem... but it is better to say to the problem'': problem, I have a Great God).

ഫെലിസ്ത്യമല്ലൻ വെല്ലുവിളി നടത്തുന്നു. ജീവനുള്ള ദൈവത്തിന്റെ സേനയെ വെല്ലുവിളിക്കാൻ അവൻ ആര്? ഇതു യുദ്ധം! ഇതാ ഞാൻ പടക്കൂട്ടത്തിനു നേരെ പാഞ്ഞു ചെല്ലുകയാണ്. "നിന്നാൽ ഞാൻ പടക്കൂട്ടത്തിനു നേരെ പാഞ്ഞു ചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽചാടി കടക്കും" (സങ്കീർത്തനം 18: 29). ജോനാഥാൻ എഡ്വേർഡ്സിനോടൊപ്പം നമുക്കും പറയാം: "സകലമനുഷ്യരും ദൈവത്തിന്റെ മഹത്വത്തിനായി ജീവിക്കണം. മറ്റുള്ളവർ അങ്ങനെ ജീവിച്ചാലും ഇല്ലെങ്കിലും ഞാൻ ദൈവത്തിന്റെ മഹത്വത്തിനുവേണ്ടിത്തന്നെ ജീവിക്കും".

ഇതു യുദ്ധകാലം എന്നു നാം തിരിച്ചറിയുക. ഞാൻ ശൗലിന്റെ ചേവകനല്ല... ദൈവത്തിന്റെ സൈന്യം! എന്റെ ജീവൻ ദൈവത്തിന്റെ രാജ്യത്തിന്റെ വിസ്തൃതിക്കായി... ഫെലിസ്ത്യമല്ലനു നേരെ ഞാൻ പാഞ്ഞുചെല്ലും... അസാദ്ധ്യമൊന്നുമില്ലാത്ത എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടി കടക്കും... ●

# 2024 ഒരു അവലോകനം

തിന്നാണ്ടു നമ്മെവിട്ടു കടന്നുപോകുവാൻ ഏതാനും ചില ദിവസങ്ങൾ മാത്രം ശേഷിക്കുന്നു. ആകെക്കൂടി വാർത്താമാധ്യമങ്ങൾ പ്രസിദ്ധീകരിച്ച വാർത്തകളുടെ ഒരു അവലോകനം നടത്തിയാൽ സുപ്രധാനങ്ങളായ പല സംഭവങ്ങളും വിവിധ മേഖലകളിൽ പ്രാധാന്യം അർഹിക്കുന്നു. മുന്നാണ്ടിൽ തുടങ്ങിവച്ച ചില യുദ്ധങ്ങൾ തീവ്രതയിൽ തന്നെ തുടരുന്നു. രാഷ്ട്രീയ മേഖലയിൽ പല വലിയ രാജ്യങ്ങളിലെയും തിരഞ്ഞെടുപ്പുകൾ നടന്നു. പരിസ്ഥിതിമേഖലയിൽ ചില ദുരന്തങ്ങൾ സംഭവിച്ചു. ശാസ്ത്ര സാങ്കേതിക മേഖലകളിൽ ചില നേട്ടങ്ങൾ കൈവരിച്ചു. ഇതിൽ സുപ്രധാനമായ ഒന്നാണ് വർധിത മികവോടെ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് അഥവാ നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള ചില ആവിഷ്കാരങ്ങൾ.

ലോകരാജ്യങ്ങളിൽ ഭരണമേഖലയിൽ തിരഞ്ഞെടുപ്പ് നടന്നു. നമ്മുടെ ഇന്ത്യയിൽ പൊരിഞ്ഞ പോരാട്ടമാണ് തിരഞ്ഞെടുപ്പിൽ ദൃശ്യമായത് എന്നാണു വാർത്താ മാധ്യമങ്ങൾ വിശേഷിപ്പിക്കുന്നത്. ഭരണമാറ്റം സംഭവിച്ചില്ല എങ്കിലും തനതു ഭൂരിപക്ഷം ലഭിക്കായ്കയാൽ സഖ്യകക്ഷികളുടെ പിൻബലത്തോടെ ബി ജെ പി സർക്കാർ അധികാരത്തിൽ തുടരുന്നു. റഷ്യയിൽ നടന്ന തിരഞ്ഞെടുപ്പിൽ പുടിൻ വലിയ ഭൂരിപക്ഷത്തോടെ അധികാരം നിലനിർത്തി. ലോകത്താകമാനം സ്വാധീനം ചെലുത്താൻ ശേഷിയുള്ള അമേരിക്കൻ ഐക്യനാടുകളിലെ തിരിഞ്ഞെടുപ്പു ഫലം അവിശ്വസനീയമാം വിധം പ്രതീക്ഷകളെ തകിടം മറിച്ചുകൊണ്ടു രംഗപ്രവേശം ചെയ്തു.

യുദ്ധത്തെ തുടർന്നും പ്രകൃതിക്ഷോഭത്തിന്റെ ബാക്കിപത്രമായും കരളലിയിക്കുന്ന, പലരെയും അനാഥരാക്കിയ, വേദനാജനകമായ കുറെ സംഭവങ്ങൾ ലോകത്തു വിവിധയിടങ്ങളിൽ ഉണ്ടായി. ചെറുതും വലുതുമായ ഇത്തരം സംഭവങ്ങൾ കൂട്ടിയും കിഴിച്ചും നോക്കിയാൽ സന്തോഷത്തേക്കാളധികം തീവ്രദുഖമാണ് മുന്നിട്ടു നിൽക്കുന്നത്. ചരിത്രവും ഇത്തരം അനേകസംഭവങ്ങൾ കൊണ്ട് നിറഞ്ഞുനിൽക്കുന്നു.

പ്രപഞ്ചത്തിലേക്കു നോക്കിയാൽ രാവും പകലും, ചൂടും തണുപ്പും, മലകളും താഴ്‌വരകളും, മഴയും വരൾച്ചയും, ഉയർച്ചയും താഴ്ചയും, ഇങ്ങനെ വിവിധങ്ങളായ യാഥാർഥ്യങ്ങൾ കാണപ്പെടുന്നു. ജീവിതത്തിലേക്ക് നോക്കിയാൽ സമാനമായ അനുഭവങ്ങളിലൂടെ വ്യക്തികളും കടന്നു പോകുന്നു. അനുഭവങ്ങളാണ് ഏറ്റവും നല്ല അധ്യാപകൻ എന്നൊരു ചൊല്ലുണ്ട്. എങ്കിലും അതിനു കൊടുക്കേണ്ടി വരുന്ന വില അതായതു ഫീസ് അവാച്യവും വർണ്ണനാതീതവും ബൃഹത്തായതും ആയിരിക്കും. ഇരുട്ടത്ത് നടക്കുന്നയാൾ നേരിടാൻ സാധ്യതയുള്ള പല അപകടങ്ങളെയും വെളിച്ചത്തു നടക്കുന്നയാൾക്കു ഒഴിവാക്കാനാകും. കാരണം അവനു ലഭ്യമായ വെളിച്ചം മുൻകൂട്ടി അവയെ കാണുവാനും ഒഴിവാക്കുവാനും സഹായിക്കുന്നു. ഇതുപോലെ നമ്മുടെ വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹ്യ ഔദ്യാഗിക ജീവിതത്തിലും ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിനോടൊപ്പം നാം നടക്കുന്നു എങ്കിൽ ദുരന്തങ്ങളെ മറികടക്കുവാനും വിജയകരമായി ലക്ഷ്യസ്ഥാനത്തെത്തുവാനും നമ്മെ ഏറെ സഹായിക്കുന്നു. എന്നാൽ ഈ തിരഞ്ഞെടുപ്പ് നാമാണ് നടത്തേണ്ടത്. രാഷ്ട്രീയ തിരഞ്ഞെടുപ്പിന്റെ കാലാവധി നാലോ അഞ്ചോ വർഷം കൊണ്ട് പര്യവസാനിക്കുന്നു എങ്കിൽ ആത്മീയ തിരഞ്ഞെടുപ്പിന്റെ കാലാവധി മരണം കൊണ്ടുപോലും തീരുന്നില്ല, പ്രത്യുത മരണാനന്തരവും ഒരിക്കലും അവസാനിക്കാതെ, നിത്യത മുഴുവൻ തുടരുന്നു എന്നത് നമ്മുടെ ബുദ്ധിക്കെത്താത്ത വൻകാര്യം തന്നെയാണ്.

മറ്റൊരു വ്യത്യാസം ഇഹലോക ജീവിതത്തിൽ ദു:ഖവും വേദനയും സന്തോഷവും ആശ്വാസവും എല്ലാം കൂടിക്കലർന്ന സമ്മിശ്ര അനുഭവമാണ്. എങ്കിലും ക്രിസ്തുവിനോടുത്തുള്ള നിത്യതയിൽ കണ്ണുനീരോ മുറവിളിയോ ഒന്നുമില്ലാത്ത സന്തോഷസമൃദ്ധമായ, പ്രത്യാശാനിർഭരമായ, സ്നേഹസമ്പൂർണ്ണമായ ജീവിതം ആയിരിക്കും. ഇവിടെ 'ഇരുട്ട്' എന്നത് പാപത്തിന്റെയും അധർമ്മത്തിന്റെയും പ്രതീകമായിരിക്കുമ്പോൾ വെളിച്ചം അഥവാ പകൽ എന്നത് ദൈവികകൂട്ടായ്മയാണ്. •

# എന്താണ് ക്രിസ്മസ്?

ഡിസംബർ പിറന്നതോടെ ഒരു ക്രിസ്മസ്കാലം കൂടി വരവായി. 'Jesus is the reason of this season' എന്നൊരു പഴയ പറച്ചിൽ ഉണ്ട്. യഥാർത്ഥത്തിൽ ക്രിസ്മസ് എന്താണ്? അത് മാനവ രാശിക്ക് നൽകുന്ന സന്ദേശം എന്താണ്?

'സകല മനുഷ്യർക്കും ഉണ്ടാകുവാനുള്ള ഒരു മഹാസന്തോഷം' എന്ന് വിവരിക്കുന്ന യേശുവിന്റെ ജനനം, ലോകചരിത്രത്തിലെ അതുല്യമായ അത്ഭുത സംഭവമാണ്. സർവ്വമനുഷ്യരുടെയും ദൈവദൂതന്മാരുടെയും ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും ഉടമസ്ഥനും കാരണഭൂതനുമായ ദൈവമാണ് കാലത്തികവിങ്കൽ മനുഷ്യപുത്രനായി ഈ ഭൂമിയിൽ വന്നുപിറന്നത്. അഥവാ, മനുഷ്യപുത്രന്മാരെ ദൈവപുത്രന്മാരാക്കുവാൻ ദൈവപുത്രൻ മനുഷ്യപുത്രനായി ജനിച്ചു!

യേശു സർവ്വമാനവരുടെയും രക്ഷകൻ ആകയാൽ സാധാരണ മനുഷ്യരോട് താദാത്മ്യം പ്രാപിച്ചു ജീവിച്ചു. സത്യത്തിന്റെ വഴി അവിടുന്ന് വാക്കുകൊണ്ടും ജീവിതംകൊണ്ടും ലോകത്തിന് കാണിച്ചു കൊടുത്തു. പാപം എന്തെന്നറിയാത്തവൻ പാപികളുടെ സ്നേഹിതനായി. രോഗികൾക്ക് സൗഖ്യദായകനായി. പീഡിതർക്ക് കാരുണ്യം നൽകി. ശത്രുക്കളെ സ്നേഹിക്കണമെന്ന് ഉപദേശിച്ചയേശു ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാനും പഠിപ്പിച്ചു. ഒടുവിൽ, എല്ലാ കാലത്തിലുമുള്ള എല്ലാ മനുഷ്യരുടെയും സർവ്വ പാപക്കറകളും മായിച്ചു കളയാൻ അവിടുന്ന് തന്റെ അവസാന തുള്ളി രക്തം വരെയും ചിന്തി ക്രൂശിൽ മരിച്ചു.

യേശുക്രിസ്തുവിന്റെ ഈ പ്രായശ്ചിത്ത ബലിമരണം അംഗീകരിച്ച് പാപം ഏറ്റുപറയുന്ന ഓരോരുത്തർക്കുമുള്ള, പുതിയ സൃഷ്ടിയാകുന്ന വീണ്ടും ജനനാനുഭവവും അതുവഴി ലഭിക്കുന്ന നിത്യജീവന്റെ ഭദ്രതയും ആണ് ക്രിസ്മസിന്റെ യഥാർത്ഥ സന്ദേശം. മനുഷ്യനായിപ്പിറന്ന് കുരിശിൽ മരിച്ച് കല്ലറയിൽ അടക്കപ്പെട്ട ക്രിസ്തു, തിരുവെഴുത്തുകളിൻ പ്രകാരം ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗോന്നതികളിലേയ്ക്ക് കരേറിയപ്പോൾ 'നീയോ അനന്യനാകുന്നു, നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയും ഇല്ല' എന്ന സങ്കീർത്തനവചനം നിറവേറുകയായിരുന്നു.

ഉവ്വ്, ലോകരക്ഷകന്റെ പുനരാഗമനവും ഏറെ അടുത്തു എന്ന സത്യമാണ് ഇന്ന് നമ്മുടെ ചുറ്റും കാണുന്ന സംഭവങ്ങൾ വ്യക്തമാക്കുന്നത്. അതിനായി ഒരുങ്ങി കാത്തിരിക്കാൻ ക്രിസ്തുവിന്റെ കാന്തയായ, വീണ്ടെടുക്കപ്പെട്ട സഭയോട് പരിശുദ്ധാത്മാവ് ഓർമിപ്പിക്കുന്നു. ഏതു സാഹചര്യത്തിലും 'ഭയപ്പെടേണ്ട' എന്ന ദൈവിക സന്ദേശവും ക്രിസ്മസ്സിന്റെ ഏക്കാലത്തെയും ഉന്നത ചിന്തയാണ്.

–എംസി

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST

*Bank Account Details:*
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ.
മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.12.2024

NERVEEDHI - DECEMBER 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

PUBLICATIONS

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ





മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു? ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ് **പ്രത്യാശ മരണത്തിനപ്പുറം.** ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാ വചനങ്ങൾ ഫലകരമായിത്തീരും അനുഗ്രഹീത ദൈവദാസൻ ജോയ് എം. തോമസ് എഴുതിയ ഈ ഗ്രന്ഥം.

ഇപ്പോൾ ലഭ്യമാണ്

വേദപുസ്തക ചരിത്രത്തിന്റെ പ്രാരംഭത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന നാലു മഹതികളുടെ ജീവിതം ആധുനിക വനിതകൾക്കുള്ള പാഠങ്ങളാക്കി അവതരിപ്പിച്ചിരിക്കുകയാണ്
**ചതുർ മഹതികൾ**
എന്ന ഈ ഗ്രന്ഥത്തിൽ.
ദൈവദാസന്മാരുടെ ഭാര്യമാർക്കുള്ള സന്ദേശങ്ങൾ, ഒരു ഉത്തമ കുടുംബിനിയുടെ ഉത്തരവാദിത്തങ്ങൾ, ഗർഭാവസ്ഥയിലായിരിക്കുന്ന കുഞ്ഞിനെ മുതൽ പ്രായപൂർത്തിയായ മക്കളെവരെ സൂക്ഷ്മതയോടെ പരിപാലിക്കാനുള്ള നിർദ്ദേശങ്ങൾ, അദൃശ്യ മണവാളനായൊരുങ്ങുന്ന ഉത്തമ മണവാട്ടിയുടെ ശ്രദ്ധാപൂർവ്വമായ ഒരുക്കത്തിനു സഹായിക്കുന്ന നിർദ്ദേശങ്ങൾ എല്ലാം ഇതിൽ വായിച്ചെടുക്കാം.

ആത്മിക ശുശ്രൂഷാജീവിതത്തിൽ അനുഭവ സമ്പത്തുള്ള അനുഗ്രഹീത ദൈവദാസി എൽസി ജോയ് രചിച്ച ഈ ഗ്രന്ഥം വെറും പഠനക്കുറിപ്പുകളോ പ്രബോധനങ്ങളോ എന്ന നിലയിൽ പരിമിതപ്പെടുന്നില്ല. ക്രിസ്തീയ ജീവിതത്തിൽ ഫലം കായ്ക്കുന്നവരായി വളരുവാൻ ആഗ്രഹിക്കുന്ന ഏവർക്കും ഈ ഗ്രന്ഥം അനുഗ്രഹമാകും.




എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib

വചനം പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്
ഏറ്റവും പ്രയോജനപ്രദമായ ക്രിസ്തീയ മാസിക
**നേർവീഥി**
വായിക്കുക... വരിക്കാരാവുക

Address for Communication :
NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.